# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# കണിച്ചാർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2023-2024**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**കണ്ണൂർ**
**670001**

**ഇ-മെയിൽ: doknr.ksad@kerala.gov.in**
**ഫോൺ : 0497-2707698**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.4/1740/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 17/12/2024
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കണിച്ചാർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കണിച്ചാർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കണിച്ചാർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.4/1740/2024 തീയ്യതി: 17/12/2024

# കണ്ണൂർ ജില്ലയിലെ കണിച്ചാർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ കണിച്ചാർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-10-2023 മുതൽ 03-11-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2023 മുതൽ 31-03-2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 27 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമ്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 13-11-2024 തിയ്തിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സി.വി.ജ്യോതിഷ് കുമാർ | ഡെപ്യൂട്ടി ഡയറക്ടർ | 04-11-2024 | 13-11-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-11-2024 | 13-11-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.പ്രദീപ് കുമാർ.എം, ഓഡിറ്റ് ഓഫീസർ
ശ്രീമതി.ഷിജില.വി.ഡി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ആൽബർട്ട് ജോസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.ജിജില.ടി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ആന്റണി സെബാസ്റ്റ്യൻ | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീമതി. ഷീനാകുമാരി പാല | സെക്രട്ടറി | 01-04-2023 | 22-04-2023 |
| ശ്രീ. ബാലകൃഷ്ണൻ കെ കല്യാടൻ, അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 23-04-2023 | 15-05-2023 |
| ശ്രീമതി. ഷീനാകുമാരി പാല | സെക്രട്ടറി | 16-05-2023 | 26-07-2023 |
| ശ്രീ. ബാലകൃഷ്ണൻ കെ കല്യാടൻ, അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 27-07-2023 | 28-07-2023 |
| ശ്രീ. പി.കെ. വിനോദ് | സെക്രട്ടറി | 29-07-2023 | 16-03-2024 |
| ശ്രീ. ദീപുരാജ്. ആർ, അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 17-03-2024 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ബാലകൃഷ്ണൻ കെ കല്യാടൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 11-09-2023 |
| ശ്രീ. ദീപുരാജ്. ആർ | അസിസ്റ്റന്റ് സെക്രട്ടറി | 12-09-2023 | 31-03-2024 |
| ശ്രീ. വിഷ്ണു. ബി.വി | അസിസ്റ്റന്റ് | 01-04-2023 | 05-10-2023 |

| | | | |
|---|---|---|---|
| | എഞ്ചിനീയർ | | |
| ശ്രീമതി. സിദ്ധ്യ ബേബി ഡാനിയൽ | അസിസ്റ്റന്റ് എഞ്ചിനീയർ | 06-10-2023 | 14-01-2024 |
| ശ്രീമതി. ആതിര കെ നാരായണൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 15-01-2024 | 24-03-2024 |
| ശ്രീ. സാജു. പി, ഓവർസിയർ | അസിസ്റ്റന്റ് എഞ്ചിനീയർ-ഇൻ-ചാർജ്ജ് | 25-03-2024 | 31-03-2024 |
| ശ്രീ. ബെൻജി ഡാനിയേൽ | കൃഷി ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീ. ഷാജീവൻ. പി | വി.ഇ.ഒ, കണിച്ചാർ സർക്കിൾ | 01-04-2023 | 20-07-2023 |
| ശ്രീമതി. സുസ്മിത. പി | വി.ഇ.ഒ, കണിച്ചാർ സർക്കിൾ | 21-07-2023 | 11-09-2023 |
| ശ്രീമതി. മിനി. സി.ജി | വി.ഇ.ഒ, കണിച്ചാർ സർക്കിൾ | 12-09-2023 | 31-03-2024 |
| ശ്രീ. അജിത്ത് കുമാർ. പി.കെ | വി.ഇ.ഒ, കൊളക്കാട് സർക്കിൾ | 01-04-2023 | 31-07-2023 |
| ശ്രീമതി. മിനി. സി.ജി | വി.ഇ.ഒ, കൊളക്കാട് സർക്കിൾ, അഡിഷനൽ ചാർജ്ജ് | 01-08-2023 | 24-09-2023 |
| ശ്രീ. സതീഷ് കുമാർ. എ.ആർ | വി.ഇ.ഒ, കൊളക്കാട് സർക്കിൾ | 25-09-2023 | 31-03-2024 |
| ഡോ. അരുൾജിത്ത്. കെ.എം | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2023 | 28-04-2023 |
| ഡോ. ആശിഷ്. കെ.പി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 29-04-2023 | 31-03-2024 |
| ഡോ. മനോജ്. ഇ.പി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2023 | 31-03-2024 |
| ഡോ.രശ്മി. ജി.ആർ | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2023 | 04-07-2023 |
| ഡോ. ഡോണിയ തോമസ് | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 05-07-2023 | 14-02-2024 |
| ഡോ. ധന്യ. കെ | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 15-02-2024 | 31-03-2024 |
| ഡോ. ജോൺസൺ പി | വെറ്റിനറി സർജ്ജൻ | 01-04-2023 | 31-03-2024 |

| | | | |
|---|---|---|---|
| ജോൺ | | | |
| ശ്രീമതി. ആശ എം.പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ശ്രീ. ബിനുരാജ്. പി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 31-03-2024 |
| ശ്രീമതി ഗീത സി.കെ | ഹെഡ് മാസ്റ്റർ | 01-04-2023 | 31-05-2023 |
| ശ്രീമതി അശ്വതി ചന്ദ്രൻ, എൽ.പി.എസ്.എ | ഹെഡ് മാസ്റ്റർ ഇൻ ചാർജ്ജ് | 01-06-2023 | 26-06-2023 |
| ശ്രീമതി ജ്യോതി ലക്ഷ്മി വി.പി | ഹെഡ് മാസ്റ്റർ | 27-06-2023 | 31-03-2024 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല | 1-1-1 |
| 3 | അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല. | 1-1-2 |
| 4 | ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് : B-17 ഷെഡ്യൂളിലേയും B-4 ഷെഡ്യൂളിലേയും തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-3 |
| 5 | സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. | 1-1-4 |
| 6 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-5 |
| 7 | ടെണ്ടർ ഫോം സെയിൽ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. | 1-1-6 |
| 8 | കാപ്പിറ്റൽ കോൺട്രിബ്യൂഷൻ കാലികമാക്കിയിട്ടില്ല. | 1-1-7 |
| 9 | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ മുഴുവൻ ഗ്രാന്റിനങ്ങളുടെയും വിശദാംശങ്ങൾ രേഖപ്പെടുത്തി പൂർണ്ണമാക്കിയിട്ടില്ല | 1-1-8 |
| 10 | 11(b) Capital Work In Progress എന്ന ശീർഷകത്തിൽ കഴിഞ്ഞ വർഷത്തെ അതേ തുക ഉൾപ്പെടുത്തുകയും തൻവർഷം പാർട്ട് ബിൽ നൽകിയ പ്രവൃത്തികളുടെ തുകകൾ ഉൾപ്പെടുത്തുകയും ചെയ്തിട്ടില്ല | 1-1-9 |
| 11 | Income Over Expenditure (Net Surplus) – ഇൻകം ആന്റ് എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയ മിച്ചതുക യഥാർത്ഥ മിച്ചതുകയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-10 |
| 12 | ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-11 |
| 13 | ബജറ്റ് | 1-2 |
| 14 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 15 | ഫണ്ട് വിനിയോഗം | 1-4 |
| 16 | പദ്ധതി അവലോകനം | 1-5 |
| 17 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 18 | ക്ഷേമ പദ്ധതികൾ | 1-7 |
| 19 | ക്യാഷ് പരിശോധന | 1-8 |
| 20 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 21 | ഗ്രാമസഭ | 1-10 |

| | | |
|---|---|---|
| 22 | വസ്തു നികുതി പരിഷ്കരണ നടപടികൾ പൂർത്തിയാക്കേണ്ടതാണ്. | 1-11 |
| 23 | പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന് നികുതി നിർണ്ണയിച്ചതിലെ അപാകം | 1-12 |
| 24 | ഇ-ടെണ്ടർ ഫീസ് - ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമായിട്ടില്ല | 1-13 |
| 25 | കണ്ണൂർ വിവര സഞ്ചയിക – അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല | 1-14 |
| 26 | കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ -ഉപകരണങ്ങൾ ലഭ്യമായില്ല. ₹61,121 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-15 |
| 27 | അതിദരിദ്രർക്ക് വേണ്ടിയുള്ള മൈക്രോപ്ലാൻ ചികിത്സയും മരുന്നു് വിതരണവും - ₹6,984 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-16 |
| 28 | പെയിൻ & പാലിയേറ്റിവ് -പാലിയേറ്റിവ് ട്രയിനിംഗ് -അധികം തുക നൽകി ₹1110 യുടെ ചെലവ് നിരാകരിക്കുന്നു. | 1-17 |
| 29 | ഹോമിയോ മരുന്നുകൾ ലഭ്യമായിട്ടില്ല - ₹72,139 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-18 |
| 30 | കൃഷി ഭവനിലേക്ക് പ്രിന്റർ വാങ്ങൽ - പ്രിന്റർ ലഭ്യമായിട്ടില്ല. ₹30137 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-19 |
| 31 | സമഗ്ര നെൽകൃഷി വികസനം - രേഖകളുടെ അഭാവത്തിൽ ₹100000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-20 |
| 32 | കോക്ലിയാർ ഇംപ്ലാന്റുകളുടെ മെയിന്റനൻസ്- വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല - ₹23676 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-21 |
| 33 | സ്ത്രീ പദവി പഠനം-തുടർ പ്രവർത്തനങ്ങൾ അറിയിക്കേണ്ടതാണ് | 1-22 |
| 34 | തുടർ സാക്ഷരത-സമ്പൂർണ്ണ സെക്കന്ററി വിദ്യാഭ്യാസ ജില്ല പത്താമുദയം-തുടർ വിവരം അറിയിക്കേണ്ടതാണ് | 1-23 |
| 35 | കാലാവസ്ഥാ വ്യതിയാനം - പ്രാദേശിക കർമ്മ പദ്ധതി തയ്യാറാക്കി നടപ്പിലാക്കേണ്ടതാണ് | 1-24 |
| 36 | ആസ്തി സംരക്ഷണം-കാര്യക്ഷമമാക്കേണ്ടതാണ് | 1-25 |
| 37 | മരാമത്ത് പ്രവർത്തികൾ - നിർവഹണത്തിൽ സുതാര്യത ഉറപ്പ് വരുത്തേണ്ടതാണ് | 1-26 |
| 38 | കാർഷിക മേഖല – ഫണ്ട് വകയിരുത്തൽ കുറഞ്ഞു വരുന്നു | 1-27 |
| 39 | മാലിന്യ ശേഖരണവും സംസ്കരണവും - ഒരു അവലോകനം | 1-28 |

**ഭാഗം 2**

--- No Records Found ---

**ഭാഗം 3**

--- No Records Found ---

**ഭാഗം 4**

| | | |
|---|---|---|
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | RECEIPT & PAYMENT STATEMENT | |
| 4 | INCOME & EXPENDITURE STATEMENT | |
| 5 | BALANCE SHEET | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത്‌രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത്‌രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് കണിച്ചാർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 74/2024 ലെ 30-05-2024 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 05.06.2024 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കണിച്ചാർ ഗ്രാമപഞ്ചായത്തിന്റെ മാർച്ച്, 2024ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2024 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത്‌രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കണിച്ചാർ ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

കണ്ണൂർ,
17.12.2024.

**1-1-1 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല**

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Increase/Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹4034068 യാണ്. എന്നാൽ ഇതേ പത്രികയിൽ 2023-24 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹-536847 യാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

**1-1-2 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.**

(1) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 62(എഫ്) പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.ചട്ടം 62 (ഇ) പ്രകാരമുള്ള പ്രധാന അക്കൗണ്ട് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

(2) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 62(3) പ്രകാരം വാർഷിക ധനകാര്യ പത്രികയിലെ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.
(3) തൻവർഷത്തെ പ്രവർത്തനഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുന്ന B1 ഷെഡ്യൂൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

**1-1-3 ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് : B-17 ഷെഡ്യൂളിലേയും B-4 ഷെഡ്യൂളിലേയും തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.**

ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് : B-17 ഷെഡ്യൂൾ പ്രകാരമുള്ള തുക ( ₹6363850) B-4 ഷെഡ്യൂൾ പ്രകാരമുള്ള തുകയുമായി (₹6156332) പൊരുത്തപ്പെടുന്നില്ല.

**1-1-4 സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.**

വർഷാരംഭത്തിൽ പ്രതീക്ഷിത വരവിനനുസരിച്ചും സമയാസമയങ്ങളിൽ ഡിമാന്റിലുണ്ടാവുന്ന വ്യത്യാസത്തിനനുസരിച്ചും ജേർണൽ എൻട്രികളിലൂടെ സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. ഉദാഹരണമായി വസ്തു നികുതി, വാടക എന്നീ ഇനങ്ങളിൽ മാർച്ച് മാസാവസാനമാണ് ഡിമാന്റ് രേഖപ്പെടുത്തിയിട്ടുള്ളത്.

**1-1-5 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല**

B-11 ഷെഡ്യൂളിൽ പരാമർശിച്ച ആസ്തികളുടെ മൂല്യം പരിശോധിക്കുവാൻ സാധിക്കുന്ന മാതൃകയിൽ കാലികമാക്കിയ ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

## 1-1-6 ടെണ്ടർ ഫോം സെയിൽ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ടെണ്ടർ ഫോറം വിൽപ്പന ഇനത്തിൽ 42400 രൂപ തൻവർഷം ലഭിച്ചിട്ടുണ്ട്. എന്നാൽ ടെണ്ടർ ഫോം സെയിൽ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

## 1-1-7 കാപ്പിറ്റൽ കോൺട്രിബ്യൂഷൻ കാലികമാക്കിയിട്ടില്ല.

സ്ഥാപനത്തിന് ഗ്രാന്റ് ആയി ലഭിച്ച തുക ഉപയോഗിച്ച് ആസ്തികൾ സൃഷ്ടിച്ചപ്പോൾ തത്തുല്യമായ തുക Capital Contribution ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

## 1-1-8 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ മുഴുവൻ ഗ്രാന്റിനങ്ങളുടെയും വിശദാംശങ്ങൾ രേഖപ്പെടുത്തി പൂർണ്ണമാക്കിയിട്ടില്ല

അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ബാലൻസ് ഷീറ്റ് B-4 Schedule പ്രകാരം ബാധ്യതയായി രേഖപ്പെടുത്തിയ മുഴുവൻ ഗ്രാന്റിനങ്ങളുടെയും വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

## 1-1-9 11(b) Capital Work In Progress എന്ന ശീർഷകത്തിൽ കഴിഞ്ഞ വർഷത്തെ അതേ തുക ഉൾപ്പെടുത്തുകയും തൻവർഷം പാർട്ട് ബിൽ നൽകിയ പ്രവൃത്തികളുടെ തുകകൾ ഉൾപ്പെടുത്തുകയും ചെയ്തിട്ടില്ല

B-11(b) ഷെഡ്യൂളിൽ Capital Work In Progress എന്ന ശീർഷകത്തിൽ കഴിഞ്ഞ വർഷത്തെ അതേ തുക (₹2266239) തന്നെയാണ് ഈ വർഷവും കാണിച്ചിട്ടുള്ളത്. ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

2023-24 വർഷം പാർട്ട് ബിൽ നൽകിയ പ്രവൃത്തികളുടെ തുകകൾ ബാലൻസ് ഷീറ്റ് ബി 11 (ബി) ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. വിവിധ പ്രവൃത്തികൾക്കായി പാർട്ട് ബിൽ നൽകിയ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

## 1-1-10 Income Over Expenditure (Net Surplus) – ഇൻകം ആന്റ് എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയ മിച്ചതുക യഥാർത്ഥ മിച്ചതുകയുമായി പൊരുത്തപ്പെടുന്നില്ല.

Income Over Expenditure (Net Surplus) – ഇൻകം ആന്റ് എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയ മിച്ചതുക 10671666 യഥാർത്ഥ മിച്ചതുകയുമായി -10053344 പൊരുത്തപ്പെടുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കേണ്ടതിന്റെ വിവരങ്ങൾ

| | | |
|---|---|---|
| പഞ്ചായത്തിന്റെ ആകെ വരുമാനം (A) | | 120622131 |
| ആകെ ചെലവ് (B) | | 130984636 |
| മിച്ചം തുക C= A-B | | -10362505 |
| Prior Period Income | 334165 | |
| Prior Period Expenditure | 25004 | |
| Net Difference Between Prior Period Income And Expenses I-19-I-18 ( D ) | | 309161 |

| | | |
|---|---|---|
| Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മിച്ച തുക (E) =C+D | | -10053344 |

യഥാർത്ഥ തുകയാണ് ബാലൻസ് ഷീറ്റിലേക്ക് ക്യാരിഓവർ ചെയ്തിട്ടുള്ളത്.

## 1-1-11 ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

ലോൺ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഈ ഇനത്തിൽ വർഷാദ്യം ഒടുക്കാനുണ്ടായിരുന്ന തുകയുടെയും, ഒടുക്കിയ തുകയുടെയും, വർഷാവസാനം ഒടുക്കാൻ ബാക്കിയുള്ള തുകയുടെയും കൃത്യത വാർഷിക ധനകാര്യ പത്രികയുമായി ഒത്തുനോക്കാൻ സാധിച്ചിട്ടില്ല.

## 1-2 ബജറ്റ്

കണിച്ചാർ ഗ്രാമ പഞ്ചായത്തിന്റെ 2023-24 സാമ്പത്തിക വർഷത്തെ ബജറ്റ് 23-03-2023 തീയതിയിലെ 103/2023 നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 13-02-2024 ലെ 29/24 നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 2193565 | 4205069 |
| വരവ് | 253396000 | 258913000 |
| ആകെ | 255589565 | 263118069 |
| ചെലവ് | 253232651 | 258647251 |
| നീക്കിയിരിപ്പ് | 2356914 | 4470818 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 18928003 |
| വരവ് | 49821488 |
| ആകെ | 68749491 |
| ചെലവ് | 45787420 |
| നീക്കിയിരിപ്പ് | 22962071 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം | 1110 |
| തടസ്സപ്പെടുത്തിയ തുക | 294057 |

വികസന ഫണ്ട്, സംരക്ഷണ ഫണ്ട്, സാമൂഹ്യ സുരക്ഷാ പെൻഷൻ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി തുടങ്ങിയ പ്രധാന വരവ് ചെലവ് ഇനങ്ങൾ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുന്നില്ല. അതുകൊണ്ടു തന്നെ മേൽ പട്ടികയിൽ പരാമർശിച്ച വരവു ചെലവുകൾ പൂർണ്ണമല്ല.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട് - ജനറൽ | 0 | 14305000 | 14305000 | 11373401 | 2931599 |
| വികസന ഫണ്ട് - എസ് സി പി | 0 | 706000 | 706000 | 706000 | 0 |
| വികസന ഫണ്ട് - ടി എസ് പി | 0 | 4622000 | 4622000 | 3627937 | 994063 |
| മെയിന്റനൻസ് ഫണ്ട് - റോഡ് | 0 | 9818000 | 9818000 | 6867124 | 2950876 |
| മെയിന്റനൻസ് ഫണ്ട് - നോൺ റോഡ് | 0 | 2910600 | 2910600 | 2816469 | 94131 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ടൈഡ് | 6433332 | 1776500 | 8209832 | 2439280 | 5770552 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – അൺ ടൈഡ് | 281819 | 2369000+ 202498(int) | 2853317 | 2467537 | 385780 |
| പിന്നോക്ക മേഖല ഗ്രാന്റ് | 588145 | 0 | 588145 | 0 | 588145 |
| ഐ സി ഡി എസ് കേന്ദ്രവിഹിതം | 1387320 | 1103449 | 2490769 | 580710 | 1910059 |
| ടോട്ടൽ സാനിറ്റേഷൻ | 383097 | 0 | 383097 | 0 | 383097 |
| ഹൗസിംഗ് സ്കീം | 0 | 9863248 | 9863248 | 7460000 | 2403248 |
| ഹെൽത്ത് ഗ്രാന്റ്- ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ | 268361 | 727067 | 995428 | 0 | 995428 |
| ഹെൽത്ത്ഗ്രാന്റ്- വെൽനെസ്സ് സെന്റർ | 17416 | 315651 | 333067 | 161526 | 171541 |
| ഹെൽത്ത്ഗ്രാന്റ്- ‘ബിൽഡിംഗ് സബ് സെന്റർ | 0 | 2805171 | 2805171 | 0 | 2805171 |
| എം പി ഫണ്ട് | 73182 | 3445 | 76627 | 76108 | 519 |
| എസ് എസ് എ | 848 | 0 | 848 | 0 | 848 |
| എംജിഎൻആർഇജിഎസ് | 617 | 40091717 | 40092334 | 40090971 | 1363 |
| ഹെൽത്ത് മിഷൻ ഫണ്ട് | 278 | 0 | 278 | 0 | 278 |
| ശുചിത്വ മിഷൻ ഫണ്ട് | 97097 | 0 | 97097 | 40050 | 57047 |
| പ്രത്യേകോദ്ദേശ്യ ഗ്രാന്റ് | 255000 | 0 | 255000 | 0 | 255000 |
| വിമുക്തി | 17870 | 0 | 17870 | 0 | 17870 |
| സാക്ഷരത | 6295 | 0 | 6295 | 50 | 6245 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി | നടപ്പാക്കാത്തവ | പൂർത്തീകരിച്ച | പൂർത്തീകരിച്ച |
|---|---|---|---|---|---|---|---|

| ലഭിച്ചത് (എണ്ണം) | | (എണ്ണം) | | നടപ്പാക്കിയത് (എണ്ണം) | (എണ്ണം) | പ്രോജക്ടുകളുടെ എണ്ണം | പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 211 | 142135672* | 115 | 52534141 | 34 | 96 | 81 | 38.38 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല

<u>നിർവ്വഹണ ഉദ്യോഗസ്ഥർ  നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ</u>

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 3 | 607000 | 155137 | 25.56 |
| വെറ്റിനറി സർജ്ജൻ | 4 | 4 | 560000 | 558942 | 99.81 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 13 | 8 | 2379834 | 820069 | 34.46 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 4 | 4 | 210000 | 203203 | 96.76 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 4 | 4 | 624000 | 621471 | 99.59 |
| വി.ഇ.ഒ, കണിച്ചാർ | 6 | 6 | 75820396 | 23171461 | 30.56 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 11 | 10 | 3985331 | 3430610 | 86.08 |
| സെക്രട്ടറി | 68 | 27 | 7290353 * | 4916960 | 67.44 |
| ഹെഡ് മാസ്റ്റർ | 6 | 5 | 788083 | 688198 | 87.33 |
| വി.ഇ.ഒ, കൊളക്കാട് | 11 | 8 | 4176124 | 766564 | 18.36 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 74 | 32 | 42168714 | 15037606 | 35.66 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 3240250 | 1888333 | 58.28 |
| അസിസ്റ്റന്റ് സെക്രട്ടറി | 3 | 2 | 285587 | 275587 | 96.50 |
| ആകെ | 211 | 115 | 142135672* | 52534141 | 36.96 |

*ജി.ഒ പ്രോജക്ട് പ്രകാരമുള്ള ചെലവ് തുക സുലേഖ ചെലവ് സ്റ്റേറ്റ്മെന്റിൽ

ഉൾപ്പെട്ടിട്ടുണ്ടെങ്കിലും അടങ്കൽ തുക സുലേഖ ചെലവ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല. ജി.ഒ പ്രോജക്ട് പ്രകാരമുള്ള അടങ്കൽ തുക കൂടി ഉൾപ്പെടുത്തിയാണ് ഈ കണക്ക് തയ്യാറാക്കിയിട്ടുള്ളത്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 617 | 1692897 | 1693514 | 1692151 | 1363 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 38398820 | 38398820 | 38398820 | - |
| ആകെ | 617 | 40091717 | 40092334 | 40090971 | 1363 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെപേര് | ചെലവഴിച്ചതുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളിപെൻഷൻ | 8,32,800 | 68 |
| വിധവാപെൻഷൻ | 56,23,500 | 539 |
| വാർദ്ധക്യകാലപെൻഷൻ | 1,49,85,800 | 1476 |
| ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 18,81,100 | 177 |
| 50 വയസിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2,91,600 | 27 |
| വിവാഹ ധനസഹായം | 30000 | 1 |

## 1-8 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06-11-2024 തീയതിയിൽ 2.30 PM ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 20,991 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്. വിവിധ സെക്ഷനുകളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും നിർണയിച്ചുകൊണ്ട് ജോലി വിഭജനരേഖ തയ്യാറാക്കിയിട്ടുണ്ട്. ഓഫീസ് ഉത്തരവുകളിലൂടെ ആവശ്യമായ

മാറ്റങ്ങൾ വരുത്തുകയും നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നുണ്ട്. സ്റ്റാഫ് മീറ്റിങ്ങുകൾ ചേർന്ന് ഓഫീസിന്റെ പ്രവർത്തനം വിലയിരുത്തുകയും അപാകങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നല്കുകയും ചെയ്തിട്ടുണ്ട്. സ്റ്റാഫ് മീറ്റിങ്ങുകളിൽ നികുതികൾ പിരിച്ചെടുക്കുന്നതിലെ പുരോഗതിയും, ഐ.എൽ.ജി.എം.എസ് വഴി ഫയൽ കൈകാര്യം ചെയ്യുന്നതിലെ പുരോഗതിയും, ഫ്രണ്ട് ഓഫീസിന്റെ പ്രവർത്തനവും, വിലയിരുത്തുകയും പൊതുജനങ്ങൾക്ക് കാലതാമസമില്ലാതെ സേവനങ്ങൾ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ എടുത്ത വായ്പകളുടേയും, വായ്പ ഇനത്തിൽ തിരിച്ചടച്ച തുകകളുടേയും ഇനി തിരിച്ചടക്കാൻ ബാക്കിയുള്ള തുകയുടേയും വിശദ വിവരങ്ങളടങ്ങിയ വായ്പാ രജിസ്റ്റർ ഗ്രാമ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററുകളും രേഖകളും കൃത്യമായി സൂക്ഷിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 ഗ്രാമസഭ

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ 2023-24 വർഷം 4 തവണ ഗ്രാമസഭ യോഗങ്ങൾ ചേർന്നിട്ടുള്ളത്. 2023-24 വാർഷിക പദ്ധതി ഗുണഭോക്താക്കളെ അംഗീകരിക്കൽ, വിവിധ സാമൂഹ്യ സുരക്ഷാപെൻഷനുകളുടെ ഗുണഭോക്താക്കളെ അംഗീകരിക്കൽ, എം.ജി.എൻ.ആർ.ഇ.ജി.എസ് ആക്ഷൻ പ്ലാൻ, ലേബർ ബജറ്റ് എന്നിവ അംഗീകരിക്കൽ, 2024-25 വാർഷിക പദ്ധതി രൂപീകരണം തുടങ്ങിയവ അജണ്ടയിൽ ഉൾപ്പെടുത്തുകയും, മിനുട്സിൽ നിർദ്ദേശങ്ങളും തീരുമാനങ്ങളും രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

## 1-11 വസ്തു നികുതി പരിഷ്കരണ നടപടികൾ പൂർത്തിയാക്കേണ്ടതാണ്.

22.03.2023 ലെ സ.ഉ(കൈ)നം.77/2023/തസ്വഭവ പ്രകാരം 01-04-2023 പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിന് സർക്കാർ മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ ഫീൽഡ് പരിശോധന നടത്തി സോഫ്ട്വെയറിൽ ചേർക്കേണ്ടതും, ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ നികുതി പുനർനിർണ്ണയിക്കേണ്ടതുമുണ്ട്. ഇതിനാവശ്യമായ പരിശോധനകൾ എത്രയും വേഗം പൂർത്തീകരിക്കാൻ പ്രസ്തുത ഉത്തരവിൽ നിർദ്ദേശിക്കുന്നുണ്ട്. കണിച്ചാർ ഗ്രാമപഞ്ചായത്ത് പരിധിയിൽ വരുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി പരിഷ്കരിക്കുന്നതിന് വേണ്ടി ഗ്രാമപഞ്ചായത്ത് തലത്തിൽ ഇതുവരെ സ്വീകരിച്ച നടപടിക്രമങ്ങളുടെ വിവരവും പുരോഗതി വിവരവും അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(എൻക്വയറി നം.5/05.11.2024) കെട്ടിടങ്ങളുടെ വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഇന്റർവ്യൂ നടത്തിയിരുന്നുവെങ്കിലും നിലവിൽ അനുവദിച്ച തുകയ്ക്ക് ഫീൽഡ് വെരിഫിക്കേഷന് ആരും തയ്യാറായില്ലെന്നും, ഫീൽഡ് വെരിഫിക്കേഷന് ആളെ നിയോഗിച്ച് എത്രയും പെട്ടെന്ന് പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മുഴുവൻ വാർഡുകളിലെ കെട്ടിടങ്ങളുടെയും പരിശോധന പൂർത്തിയാക്കി സഞ്ചയ സോഫ്റ്റ്വെയറിൽ നികുതി പുനർനിർണയം നടത്തുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതും, വസ്തു നികുതി പരിഷ്കരണം പൂർത്തിയാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതുമാണ്.

## 1-12 പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന് നികുതി നിർണ്ണയിച്ചതിലെ അപാകം

സ.ഉ(അച്ചടി)നം.25/2023/തസ്വഭവ തീയതി 05.04.23 (എസ്.ആർ.ഒ നമ്പർ 479/2023) വിജ്ഞാപന

പ്രകാരം പാർപ്പിടാവശ്യത്തിനുള്ള കെട്ടിട വിഭാഗങ്ങളുടെ വിവരവും അവയ്ക്ക് ഈടാക്കാവുന്ന കുറഞ്ഞതും കൂടിയതുമായ വസ്തു നികുതി നിരക്കും താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരം | ഏറ്റവും കുറഞ്ഞ നിരക്ക് (രൂപ) | ഏറ്റവും കൂടിയ നിരക്ക് (രൂപ) |
|---|---|---|---|
| 1 | സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോംസ്റ്റേ(ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദസഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ)-300 ച.മീ വരെയുള്ളവ | 6 | 10 |
| 2 | സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോംസ്റ്റേ(ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദസഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ)-300 ച.മീറ്ററിന് മുകളിലുള്ളവ | 8 | 12 |

മേൽ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ കണിച്ചാർ ഗ്രാമപഞ്ചായത്തിന്റ 11.09.2023 തീയതിയിലെ SC3-2606/23 നമ്പർ വിജ്ഞാപന പ്രകാരം (ഭരണസമിതിയുടെ 22.08.2023 തീയതിയിലെ 263/23 നമ്പർ തീരുമാനം) മേൽ പട്ടികയിൽ പരാമർശിച്ച ക്രമ നമ്പർ 1, 2 എന്നീ കെട്ടിടവിഭാഗങ്ങളുടെ നികുതി നിരക്ക് യഥാക്രമം 6,10 എന്നിങ്ങനെയാണ്. എന്നാൽ 2023-24 കാലയളവിൽ വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ള താഴെ പറയുന്ന കെട്ടിടത്തെ തെറ്റായ വിഭാഗത്തിൽപ്പെടുത്തിയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്.

| കെട്ടിട നമ്പർ | കെട്ടിട ഉടമസ്ഥന്റെ പേര് | കെട്ടിട വിസ്തീർണം ച.മീ | ഉപയോഗ ക്രമം | സഞ്ചയയിൽ ഉൾപ്പെടുത്തിയ കെട്ടിടത്തിന്റെ ഉപവിഭാഗം / നികുതി നിരക്ക് | സഞ്ചയയിൽ ഉൾപ്പെടുത്തേണ്ട കെട്ടിടത്തിന്റെ ഉപവിഭാഗം / നികുതി നിരക്ക് |
|---|---|---|---|---|---|
| 3/315 C | ജോബിതോമസ് | 453.04 | പാർപ്പിടാവശ്യം | മേൽപട്ടികയിലെ ക്രമ നമ്പർ 1 (1 ച.മീ ന് 6 രൂപ നിരക്കിൽ) | മേൽപട്ടികയിലെ ക്രമ നമ്പർ 2 (1 ച.മീ ന് 10 രൂപ നിരക്കിൽ ) |

കെട്ടിടത്തിന്റെ വിഭാഗം സഞ്ചയയിൽ വ്യത്യസ്തമായി നൽകിയത് സംബന്ധിച്ച്

08/06.11.2024 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി, ടാക്സ് റിവിഷൻ നടത്തി കുറവ് വന്ന തുക ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.
മേൽ പരാമർശിച്ച കെട്ടിടം കൂടാതെ 01-04-2023 തീയതി മുതൽ നികുതി നിർണ്ണയിച്ചിട്ടുള്ള മുഴുവൻ കെട്ടിടങ്ങളുടേയും അസ്സസ്സ്മെന്റ് സഞ്ചയയിൽ പരിശോധിക്കേണ്ടതും കെട്ടിടങ്ങളുടെ ഉപയോഗക്രമം/ഉൾപ്പെടുത്തിയ ഉപവിഭാഗം ഇത്തരത്തിൽ തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയം നടത്തിയിട്ടുണ്ടോ എന്ന് പരിശോധിച്ച് വസ്തുനികുതി ക്രമപ്പെടുത്തേണ്ടതും വസ്തുനികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-13 ഇ-ടെണ്ടർ ഫീസ് - ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമായിട്ടില്ല

കണിച്ചാർ ഗ്രാമ പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ 1-13 ഖണ്ഡികയിൽ കണ്ണൂർ ജില്ലാ പഞ്ചായത്തിൽ നിന്നും 2018-19 മുതൽ 2021-22 വരെയുള്ള വർഷങ്ങളിലെ ഇ-ടെണ്ടർ ഫീസ് ഇനത്തിൽ ₹217878 ഗ്രാമ പഞ്ചായത്തിന് ലഭിക്കാൻ ബാക്കിയുണ്ടെന്ന് പരാമർശിച്ചിട്ടുണ്ട്. എന്നാൽ ഈ തുക തിരികെ ലഭ്യമായതിന്റെ രേഖകളൊന്നും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ 3/06-11-2024 നമ്പർ ഓഡിറ്റ് എൻക്വയറിക്ക്, തുക തിരികെ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് കണ്ണൂർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്തയച്ചിട്ടുണ്ടെന്ന് സെക്രട്ടറി മറുപടി നല്കിയിട്ടുണ്ട്. കണ്ണൂർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ഇ-ടെണ്ടർ ഫീസ് ഇനത്തിലുള്ള ₹217878 തിരികെ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-14 കണ്ണൂർ വിവര സഞ്ചയിക – അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | സെക്രട്ടറി, ഗ്രാമ പഞ്ചായത്ത് |
| പ്രോജക്ട് നമ്പർ , പേര് | 153/24, കണ്ണൂർ വിവര സഞ്ചയിക |
| അടങ്കൽ : ₹662097 | ₹289317 വികസന ഫണ്ട് ജനറൽ<br>₹172780 ധനകാര്യ കമ്മീഷൻ അവാർഡ്<br>₹200,000 തനത് ഫണ്ട് |
| ചെലവ് ( ₹183878 )<br>തുക,ബിൽ നമ്പർ / തിയ്യതി) | വികസന ഫണ്ട് ജനറൽ<br>₹6208, 150/13-12-2023<br>₹1740, 139/08-12-2023<br>ആകെ: ₹7948<br>ധനകാര്യ കമ്മീഷൻ അവാർഡ്<br>₹142780, 316/30-03-2024<br>₹30000, 317/30-03-2024<br>ആകെ: ₹172780<br>തനത് ഫണ്ട്<br>₹3150, 149/13-12-2023 |

ആസൂത്രണ പ്രക്രിയക്ക് ആവശ്യമായ സ്ഥിതി വിവരക്കണക്കുകൾ ശേഖരിക്കുകയും ക്രോഡീകരിച്ചു നൽകുകയും ചെയ്യുക, ആയത് പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന രീതിയിൽ വെബ് അധിഷ്ഠിതമായി ക്രമീകരിക്കുക എന്നിവയാണ് പ്രൊജക്ടിന്റെ ലക്ഷ്യം. പ്രൊജക്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായി വാർഡ് തലത്തിൽ എന്യൂമറേറ്റർ വഴി കൃത്യമായ വിവരശേഖരണം നടത്തുന്നതിന് ഹോണറേറിയമായി അനുവദിച്ച ₹172780 യും മറ്റ് അനുബന്ധചെലവായ ₹11098 ഉൾപ്പടെ ആകെ ₹183878 ചെലവഴിച്ചിട്ടുണ്ട്. പ്രൊജക്ടുമായി

ബന്ധപ്പെട്ട താഴെ പറയുന്ന വിവരങ്ങൾ/രേഖകൾ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.

1. തയ്യാറാക്കിയ ഡാറ്റകൾ ക്രോഡീകരിച്ച് തയ്യാറാക്കിയ പഞ്ചായത്ത് തല റിപ്പോർട്ട്.

2. പ്രൊജക്ടിൽ വിഭാവനം ചെയ്യപ്പെട്ട നിർവ്വഹണ ഘട്ടങ്ങളിൽ അതായത് പ്രാരംഭഘട്ടത്തിലും പുരോഗമന ഘട്ടത്തിലും പൂർത്തീകരണ ഘട്ടത്തിലും മോണിറ്ററിംഗ് കമ്മിറ്റി, മോണിറ്റർ ചെയ്തതിന്റെ രേഖകൾ (സ ഉ (കൈ)115/2022/തസ്വഭവ/28-05-22 ഖണ്ഡിക 14(3) പ്രകാരം )

3. സ ഉ (കൈ)115/2022/തസ്വഭവ/28-05-22 ഖണ്ഡിക 12.4 (1), (2) എന്നിവ പ്രകാരം തയ്യാറാക്കിയ പ്രൊജക്ടുകളുടെ പൂർത്തീകരണ സാക്ഷ്യപത്രം.

4. പ്രൊജക്ട് പ്രകാരം നടത്തിയ വിവരശേഖരണം തദ്ദേശ സ്വയം ഭരണസ്ഥാപനത്തിന്റെ ഏതെല്ലാം മേഖലകളിൽ പ്രയോജനപ്പെടുത്തുന്നുണ്ട് എന്ന വിവരം

മേൽപ്പറഞ്ഞവ ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (14/-**08-11-2024**) മറുപടിയായി കണ്ണൂർ വിവര സഞ്ചയിക 2023-24 സാമ്പത്തിക വർഷം ബഹുവർഷ പ്രോജക്ട് ആയതിനാൽ ഈ വർഷം തുടർന്നു പോകുന്നുവെന്നും തയ്യാറാക്കിയ ഡാറ്റകൾ ക്രോഡീകരിച്ച് തയ്യാറാക്കുന്ന പഞ്ചായത്ത് തല റിപ്പോർട്ടിന്റെ പ്രവർത്തനങ്ങൾ തുടർന്നു വരികയാണെന്നും കരട് റിപ്പോർട്ട് ജില്ലാപഞ്ചായത്തിൽ സമർപ്പിച്ചിട്ടുണ്ട് എന്നും പൂർത്തീകരിച്ച റിപ്പോർട്ടിന്റെ പ്രകാശനം 30/11/2024 ന് നടത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുവെന്നും പ്രൊജക്ടിന്റെ നിർവ്വഹണം റിപ്പോർട്ട് തയ്യാറാക്കൽ മോണിറ്ററിംഗ് ചെയ്യുന്നതിന് ഒരു വിദഗ്ദ്ധ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെന്നും പദ്ധതി ആസൂത്രണത്തിന് വിവരങ്ങൾ ക്രോഡീകരിക്കാൻ കഴിയുമെന്നും ജനങ്ങളുടെ സാമൂഹിക സാമ്പത്തിക സ്ഥിതി ജീവിത നിലവാരം മനസ്സിലാക്കി അവരുടെ നിലവാരം ഉയർത്താൻ വേണ്ട പ്രവർത്തനങ്ങൾ മുന്നോട്ടുവെക്കാവുന്നതാണ് എന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. കണ്ണൂർ വിവര സഞ്ചയിക അന്തിമ റിപ്പോർട്ട് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-15 കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ -ഉപകരണങ്ങൾ ലഭ്യമായില്ല. ₹61,121 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| പ്രോജക്ട് നമ്പർ/ പേര് | 244/24, കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ |
| അടങ്കൽ | ₹3,11,000, ഹെൽത്ത് ഗ്രാന്റ് |
| ചെലവ് – ₹1,61,526 | ബിൽ നമ്പർ 156/20.12.2023, ₹ 4,000<br>ബിൽ നമ്പർ 167/01.01.2024, ₹ 24,780<br>ബിൽ നമ്പർ 194/30.01.2024, ₹ 1,32,746<br>ആകെ ₹1,61,526 |

ഹെൽത്ത് & വെൽനെസ്സ് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി

ഉപകരണങ്ങൾ വാങ്ങുന്നതിലേക്കായി ബിൽ നമ്പർ 194/30.01.2024 പ്രകാരം ₹ 1,32,746 (പ്രൊഫോർമ ഇൻവോയിസ് PRF 2710/20.12.2023) കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. ₹71,625 യുടെ ഉപകരണങ്ങൾ ലഭ്യമായതിന്റെ രേഖകൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. ബാക്കിയുള്ള ₹61,121 യുടെ ഉപകരണങ്ങൾ ലഭ്യമായിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കുന്നതിനായി 22/11.11.2024 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി, കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ ഉപകരണങ്ങൾ സ്റ്റോക്കില്ലാത്തതിനാൽ ബാക്കി തുകയുടെ ഉപകരണങ്ങൾ ലഭ്യമായിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്. ഉപകരണങ്ങൾ മുഴുവനായും ലഭ്യമായിട്ടില്ലാത്തതിനാൽ ₹61,121 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-16 അതിദരിദ്രർക്ക് വേണ്ടിയുള്ള മൈക്രോപ്ലാൻ ചികിത്സയും മരുന്ന് വിതരണവും - ₹6,984 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| പ്രോജക്ടിന്റെ നമ്പർ/ പേര്. | 143/24, അതിദരിദ്ര മൈക്രോപ്ലാൻ ചികിത്സയും മരുന്നു് വിതരണവും (സ്പിൽ ഓവർ) |
| അടങ്കൽ | ₹26,000 (വികസന ഫണ്ട് പൊതുവിഭാഗം) |
| ചെലവ് | ₹26,000 ബിൽ നമ്പർ – 85/28.10.2023 |

മേൽ പ്രോജക്ടിന്റെ ഭാഗമായി പ്രൊഫോർമ ഇൻവോയിസ് PRF 1577/05.10.2023 പ്രകാരം മരുന്ന് വാങ്ങുന്നതിനായി ₹26,000 കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. ₹19,016 യുടെ മരുന്നുകൾ ലഭ്യമായതിന്റെ രേഖകൾ മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയത്. ബാക്കിയുള്ള ₹6,984 യുടെ മരുന്ന് ലഭ്യമായിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കുന്നതിനായി 21/11.11.2024 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടിയായി, നിലവിൽ മരുന്നുകൾ സ്റ്റോക്കിൽ ഇല്ലെന്ന് KMSCL അറിയിച്ചതായും മരുന്നുകൾ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പ്രസ്തുത തുകയുടെ മരുന്നുകൾ ലഭ്യമാകാത്തതിനാൽ ₹6,984 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-17 പെയിൻ & പാലിയേറ്റിവ് -പാലിയേറ്റിവ് ട്രയിനിംഗ് -അധികം തുക നൽകി ₹1110 യുടെ ചെലവ് നിരാകരിക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| പ്രോജക്ടിന്റെ നമ്പർ/ പേര്. | 74/24, പെയിൻ & പാലിയേറ്റിവ് |
| അടങ്കൽ | ₹6,00,000 ( വികസന ഫണ്ട് പൊതുവിഭാഗം)<br>₹3,00,000 ( ജില്ലാ പഞ്ചായത്ത് വിഹിതം)<br>ആകെ - ₹9,00,000 |
| ചെലവ് | ₹5,49,833 ( വികസന ഫണ്ട് പൊതുവിഭാഗം) |

പെയിൻ & പാലിയേറ്റിവ് പദ്ധതിയുടെ ഭാഗമായി ബിൽ നമ്പർ 307/25.03.2024 പ്രകാരം ശ്രീമതി ശാലിനി.ടി.എസ് എന്നവരുടെ 99980101637069 നമ്പർ അക്കൌണ്ടിലേക്ക് (IFSC FDRL0002029) നൽകിയിട്ടുള്ള 8800 രൂപയിൽ 7690 രൂപയുടെ ചെലവ് രേഖകൾ മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയത്. ബാക്കിയുള്ള ₹1110 യുടെ ചെലവ് രേഖകൾ ഹാജരാക്കുന്നതിനായി 25/12.11.2024 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി, പാലിയേറ്റിവ് ട്രയിനിംഗിൽ പങ്കെടുത്തവർക്ക് ഭക്ഷണം നൽകിയ വകയിലെ ₹1110 ശ്രീമതി ശാലിനി.ടി.എസ് എന്നവരുടെ അക്കൌണ്ടിലേക്ക് അധികമായി നൽകി പോയതാണെന്നും, തുക തിരിച്ചടക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അധികം അനുവദിച്ച ₹1110 യുടെ ചെലവ് അംഗീകരിക്കുന്നില്ല. ₹1110 ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്.

## 1-18 ഹോമിയോ മരുന്നുകൾ ലഭ്യമായിട്ടില്ല - ₹72,139 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ |
| പ്രോജക്ടിന്റെ നമ്പർ, പേര് | 67/24 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹1,50,000 (മെയിന്റനൻസ് ഫണ്ട് നോൺ റോഡ്) |
| ചെലവ് | ₹1,50,000 ബിൽ നമ്പർ - 221/15-02-2024 |

മേൽ പ്രോജക്ട് പ്രകാരം ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നു വാങ്ങുന്നതിനായി ₹1,50,000 കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് (HOMCO) മാനേജിങ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം-34306403911) മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ ടാക്സ് ഇൻവോയിസ് നമ്പർ - LF 440/21-06-2024 പ്രകാരം ലഭ്യമായ ₹77861 യുടെ മരുന്നുകൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ മാത്രമേ പരിശോധനക്ക് ലഭ്യമാക്കിയിട്ടുള്ളു. ബാക്കി ₹72,139യുടെ (₹1,50,000 - ₹77861 ) മരുന്നുകൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ 12/08-11-2024 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ₹72,139 യുടെ മരുന്നുകൾ ലഭ്യമായിട്ടില്ലെന്നും ആയത് ഉടനെ ലഭ്യമാക്കുന്നതാണെന്ന് ഹോംകൊ അറിയിച്ചിട്ടുണ്ടെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നല്കിയിട്ടുണ്ട്. മരുന്നുകൾ ലഭ്യമാകാത്തതിനാൽ ₹72,139 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-19 കൃഷി ഭവനിലേക്ക് പ്രിന്റർ വാങ്ങൽ - പ്രിന്റർ ലഭ്യമായിട്ടില്ല. ₹30137 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രൊജക്ടിന്റെ നമ്പർ/ പേര് | 50/2024, കൃഷി ഭവനിലേക്ക് പ്രിന്റർ വാങ്ങൽ |
| അടൽ | ₹20000 മെയിന്റനൻസ് നോൺറോഡ്<br>₹11000 തനത് ഫണ്ട്<br>ആകെ -₹31000 |
| ചെലവ് തുക, ബിൽ | ₹20000, ബിൽ നമ്പർ- 232/29-02-2024 |

| | |
|---|---|
| നമ്പർ / തീയതി | മെയിന്റനൻസ് ഗ്രാന്റ്, നോൺറോഡ്<br>₹10137, 233/29-02-2024 തനത് ഫണ്ട് ;<br>ആകെ -₹30137 |

മേൽ പ്രൊജക്ട് പ്രകാരം പ്രിന്റർ വാങ്ങുന്നതിനായി കെൽട്രോണിന്റെ ഇൻവോയിസിന്റെ ( നമ്പർ- 5331/23-24 തീയതി 06-02-2024 ) അടിസ്ഥാനത്തിൽ ആകെ ₹30137/- കേരള സ്റ്റേറ്റ് ഐ ടി മിഷന്റെ അക്കൗണ്ടിലേയ്ക് മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ പ്രിന്റർ ലഭ്യമായതിന്റെ രേഖകളൊന്നും ഫയലിലില്ല. പ്രിന്റർ ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് സ്റ്റോക്കിലെടുത്തതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതും പ്രിന്റർ ലഭ്യമായിട്ടില്ലെങ്കിൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (26/12-11-2024) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടേയും, മറുപടിയുടേയും അഭാവത്തിൽ ₹30137 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-20 സമഗ്ര നെൽകൃഷി വികസനം - രേഖകളുടെ അഭാവത്തിൽ ₹100000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ട് നമ്പർ/ പേര് | 46/23-24, സമഗ്ര നെൽകൃഷി വികസനം സംയുക്ത പദ്ധതി |
| അടങ്കൽ തുക : 300000 | 150,000 വികസന ഫണ്ട് ജനറൽ<br>75000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>75000 ജില്ലാ പഞ്ചായത്ത് വിഹിതം |
| ചെലവ് തുക: 100000 | 50000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>50000 ജില്ലാ പഞ്ചായത്ത് വിഹിതം |
| ബിൽ റഫറൻസ് നമ്പർ/ തിയ്യതി | 23220552010101093670/ തിയ്യതി:19.01.2024 : 28750<br>23220552010101181466/ തിയ്യതി:06.02.2024 : 28750<br>23220552010101181485/ തിയ്യതി:07.02.2024 : 21250<br>23220552010101181494/ തിയ്യതി:07.02.2024 : 21250 |

മേൽ പ്രോജക്ട് നടപ്പാക്കിയതിലെ അപാകങ്ങൾ താഴെ കൊടുക്കുന്നു.

1. ഗുണഭോക്താക്കളുടെ സ്ഥലത്തിന്റെ വിസ്തീർണ്ണം അടിസ്ഥാനമാക്കി ഓരോരുത്തർക്കും അനുവദിക്കാവുന്ന കൂലിച്ചെലവ് നിശ്ചയിച്ചതിന്റെ രേഖകൾ, അനുവദിച്ച തുക എന്നീ വിവരങ്ങളും, കൃഷി ചെയ്ത സ്ഥലത്തിന്റെ വിസ്തൃതി, കൃഷിച്ചെലവ്, അനുവദിക്കുന്ന സബ്സിഡി തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുന്ന നിർവ്വഹണ ഉദ്യോഗസ്ഥന്റെ പരിശോധനാ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല.

2. നടീൽ, കൊയ്ത്ത്/വിളവെടുപ്പ് എന്നിവയൊഴികെയുള്ള പ്രവർത്തനങ്ങളിൽ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ

പ്രയോജനപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമല്ല. ഇത് സംബന്ധിച്ച രേഖകളൊന്നും ഫയലിലില്ല.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (28/12.11.2024) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യാമക്കിയിട്ടില്ല. രേഖകളുടേയും, മറുപടിയുടേയും അഭാവത്തിൽ ₹100000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-21 കോക്ലിയാർ ഇംപ്ലാന്റുകളുടെ മെയിന്റനൻസ്-വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല - ₹23676 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ, പേര് | 102/24, കോക്ലിയാർ ഇംപ്ലാന്റുകളുടെ മെയിന്റനൻസ് – -വിഹിതം നൽകൽ |
| അടങ്കൽ | ₹50000 വികസന ഫണ്ട് , ജനറൽ |
| ചെലവ് | ₹50000 ബിൽ നമ്പർ: 282/24-03-2024 |

മേൽ പ്രോജക്ടിന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് ഗുണഭോക്താവായ അനവധ്യ മനോജ് എന്ന കുട്ടിയുടെ കോക്ലിയാർ ഇപ്ലാന്റേഷൻ മെയിന്റനൻസിനായി 50000 രൂപ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുകയിൽ 26324 രൂപ കോക്ലിയാർ മെയിന്റനൻസിനായി വിനിയോഗിച്ചതായി സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിൽ നിന്നുള്ള വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്. ബാക്കി തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ഇതുമായി ബന്ധപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (18/11.11.2024) ലഭ്യമാക്കിയ മറുപടിയിൽ ബാക്കി തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്ന മുറക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രം ലഭിക്കാൻ ബാക്കിയുള്ള തുകയായ ₹23676 യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-22 സ്ത്രീ പദവി പഠനം-തുടർ പ്രവർത്തനങ്ങൾ അറിയിക്കേണ്ടതാണ്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ, പേര് | 154/24, സ്ത്രീ പദവി പഠനം |
| അടങ്കൽ | ₹ 400000 വികസന ഫണ്ട് , ജനറൽ |
| ചെലവ് | ₹13250, ബിൽ നമ്പർ – 21/24.06.2023 |

സ്ത്രീപദവി പഠനം നടത്തി സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി രൂപീകരിച്ച പ്രൊജക്ടാണിത്. സ്ത്രീകളുടെ നിലവിലെ അവസ്ഥ മനസ്സിലാക്കുന്നതിനും സ്ത്രീകളുടെ അവസ്ഥ മനസ്സിലാക്കി അവർക്ക് വേണ്ടി വരും വർഷങ്ങളിൽ പദ്ധതികൾ ഉണ്ടാക്കുകയാണ് പദ്ധതി ലക്ഷ്യം. ഇതിന് വേണ്ടി ശില്പശാല നടത്തൽ, സർവ്വെ, വിവരശേഖരണം എന്നിവയാണ് നടത്തുന്നത്. പ്രൊജക്ടിന്റെ ഭാഗമായുള്ള ചെലവുകൾ നടത്തുന്നതിനായി തയ്യാറാക്കിയ പ്രൊജക്ട് ആണിത്. പ്രൊജക്ടിന്റെ ഭാഗമായി വാർഡുതല ടീമിന് പരിശീലനം നൽകുക മാത്രമാണ് 2023-24 വർഷം നടത്തിയിട്ടുള്ളത്. ആയതിനാൽ പ്രോജക്ടിന്റെ തുടർപ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (17/11.11.2024) മറുപടിയിൽ 2024-25 പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്.

പദ്ധതി പൂർത്തീകരിക്കുന്ന മുറക്ക് വിവരം അറിയിക്കേണ്ടതാണ്.

## 1-23 തുടർ സാക്ഷരത-സമ്പൂർണ്ണ സെക്കന്ററി വിദ്യാഭ്യാസ ജില്ല പത്താമുദയം-തുടർ വിവരം അറിയിക്കേണ്ടതാണ്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജക്ട് നമ്പർ/ പേര് | 89/24, പത്താമുദയം സമ്പൂർണ്ണ സെക്കണ്ടറി വിദ്യാഭ്യാസ ജില്ല |
| അടങ്കൽ | ₹50000 തനത് ഫണ്ട് |
| ചെലവ് | ₹31900 വൗച്ചർ നമ്പർ: 22301035/29.03.2024 |

പതിനാലാം പഞ്ചവത്സര പദ്ധതി മാർഗരേഖ സ.ഉ (കൈ)നം 115/2022/തസ്വഭവ തീയതി 28-5-2022 ഖണ്ഡിക 7.4.5 പ്രകാരം സംസ്ഥാന സാക്ഷരത മിഷന്റെ നിർദ്ദേശങ്ങൾ അനുസരിച്ച് തുല്യത പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുന്ന പഠിതാക്കളുടെ രജിസ്ട്രേഷൻ ഫീസ്, കോഴ്സ് ഫീസ് തുടങ്ങിയവ അടവാക്കുന്നതിന് എല്ലാ തലത്തിലുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് ഏറ്റെടുക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതുപ്രകാരം പത്താംതരം തുല്യതാ കോഴ്സിന് ഒരു പഠിതാവിന് 1850 രൂപ നിരക്കിൽ 6 പേർക്ക് ₹11100 യും, ഒന്നാം വർഷ ഹയർ സെക്കന്ററി കോഴ്സിന് ഒരു പഠിതാവിന് 2600 രൂപ പ്രകാരം 8 പഠിതാക്കൾക്ക് ₹20800 യും കേരള സംസ്ഥാന സാക്ഷരതാ മിഷന് നൽകിയിട്ടുണ്ട് (ആകെ ₹ 31900). എന്നാൽ പഠിതാക്കളിൽ എത്ര പേർ പരീക്ഷ എഴുതി, എത്ര പേർ വിജയിച്ചു എന്ന വിവരം ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് 16/11.11.2024 പ്രകാരം എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. പഠിതാക്കൾക്ക് ക്ലാസുകൾ ലഭ്യമാക്കിയതിന്റെയും കോഴ്സ് പൂർത്തിയാക്കി പരീക്ഷ എഴുതിയതിന്റയും വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-24 കാലാവസ്ഥാ വ്യതിയാനം - പ്രാദേശിക കർമ്മ പദ്ധതി തയ്യാറാക്കി നടപ്പിലാക്കേണ്ടതാണ്

പതിനാലാം പഞ്ചവത്സര പദ്ധതി സംബന്ധിച്ച സ.ഉ.(കൈ ) നം.84/2022/LSGD തീയതി. 19-04-2022 നമ്പർ സർക്കാർ ഉത്തരവിലെ ഖണ്ഡിക 7.3 പ്രകാരം താഴെ പറയുന്ന വിധം കാലാവസ്ഥാ വ്യതിയാനം - പ്രാദേശിക കർമ്മ പദ്ധതി തയ്യാറാക്കണമെന്നു നിർദേശിച്ചിട്ടുണ്ട്. ആയതു പ്രകാരം

(1) കാലാവസ്ഥാവ്യതിയാനം മൂലം കേരളത്തിൽ അടിക്കടിയുണ്ടാകുന്ന വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, കടലാക്രമണം മൂലമുള്ള തീരശോഷണം, വരൾച്ച തുടങ്ങിയവയെ പ്രതിരോധിക്കുന്നതിനും അതുമൂലമുള്ള ദുരന്തങ്ങൾ ലഘൂകരിക്കുന്നതിനും പ്രാദേശിക തലത്തിൽ കർമ്മപദ്ധതികളുടെ ആവശ്യകത വർദ്ധിച്ചുവരുന്നുവെന്നും ദേശീയതലത്തിലും സംസ്ഥാനതലത്തിലും ഇത്തരത്തിലുള്ള കർമ്മപദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട് എന്നും (NAPCC National Action Plan On Climate Change & SAPCC State Action Plan On Climate Change) ഓരോ തദ്ദേശഭരണ സ്ഥാപനവും കാലാവസ്ഥാ വ്യതിയാനത്തിന്റെ ദൂഷ്യവശങ്ങൾ ലഘൂകരിയ്ക്കുന്നതിനുള്ള പ്രാദേശിക കർമ്മപദ്ധതി തയ്യാറാക്കേണ്ടതാണ് എന്നും നിർദ്ദേശിച്ചിട്ടുണ്ട്.

(2) ഇതിനായി തദ്ദേശഭരണ സ്ഥാപനത്തിന്റെ ഭൂപ്രകൃതി, ജനപ്രകൃതി, സമ്പദ് വ്യവസ്ഥ എന്നീ പൊതുവിവരങ്ങളും പ്രദേശത്ത് അനുഭവപ്പെടുന്ന കാലാവസ്ഥയിലെ കഴിഞ്ഞ ദശാബ്ദങ്ങളിലെ വ്യതിയാനവും സംബന്ധിച്ച വിശദാംശങ്ങൾ ഇതിനായി രേഖപ്പെടുത്തി

വിവിധ കാലാവസ്ഥാ പഠനകേന്ദ്രങ്ങളിൽ നിന്നും ഗവേഷണ ഏജൻസികളിൽ നിന്നുമുള്ള വിവരങ്ങൾ ഇതിനായി ക്രോഡീകരിക്കണമെന്നും, തദ്ദേശഭരണ സ്ഥാപന പ്രദേശത്തെ മനുഷ്യരുടെ ജീവിതത്തിലും ജീവനോപാധികളിലും വന്നിട്ടുള്ള മാറ്റങ്ങൾ, വിവിധ ഉല്പാദന മേഖലകളിലും ആരോഗ്യമുൾപ്പെടെയുള്ള സേവനമേഖലകളിലും കാലാവസ്ഥാവ്യതിയാനം മൂലം വന്നിട്ടുള്ള വ്യത്യാസം എന്നിവ വിലയിരുത്തണമെന്നും, മാത്രമല്ല, പ്രദേശത്തെ പ്രകൃതി വിഭവങ്ങൾ, ജൈവവൈവിധ്യം എന്നിവയിലുണ്ടായിട്ടുള്ള മാറ്റങ്ങളും നിരീക്ഷിക്കണം. കാലാവസ്ഥാ മാറ്റം കൊണ്ടുള്ള പ്രത്യാഘാതങ്ങൾ പരിശോധിക്കുന്നതിന് ഓരോ വികസനമേഖലയിലും സ്വീകരിക്കാവുന്ന വികസനതന്ത്രം, സാങ്കേതികവിദ്യകൾ മുതലായവ കണ്ടെത്തുകയും പ്രയോഗിക്കുകയും വേണമെന്നും ആയതിനായി താഴെ പറയുന്ന പ്രധാന ഘടകങ്ങൾ പ്രാദേശിക കർമ്മ പദ്ധതിയുടെ ഭാഗമാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

1. ജല സംരക്ഷണം, മണ്ണിന്റെ ദൃഢത, തീരശോഷണ നിയന്ത്രണം, പച്ചപ്പുകൾ സംരക്ഷിക്കൽ, പ്രകൃതിയെ സമ്പുഷ്ടമാക്കി പരിപാലിക്കൽ എന്നിവയ്ക്ക് പ്രാമുഖ്യം കൊടുത്തുകൊണ്ടുള്ള പ്രകൃതി വിഭവ പരിപാലനം.

2. ഊർജ്ജ കാര്യക്ഷമതയും ഹരിത ഗൃഹവാതകങ്ങളുടെ ബഹിർഗമനം കുറയ്ക്കലും

3 സുസ്ഥിര ജല പരിപാലന രീതികൾ

4 കാർബൺ ബഹിർഗമനം കുറയ്ക്കൽ,

5 ദുരന്ത ലഘൂകരണം

2022 ആഗസ്ത്, സെപ്തംബർ മാസങ്ങളിൽ ഒന്നിലധികം ഉരുൾപൊട്ടലുകൾ ഉണ്ടായതിനെത്തുടർന്ന് ജീവഹാനിയും കൃഷിക്കും അടിസ്ഥാന സൗകര്യങ്ങൾക്കും വ്യാപകമായ നാശനഷ്ടവും കണിച്ചാർ ഗ്രാമ പഞ്ചായത്തിൽ സംഭവിച്ചിരുന്നു. കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി (കെഎസ്ഡിഎംഎ) പഠനം പ്രകാരം കണിച്ചാർ പഞ്ചായത്തിന്റെ ഏകദേശം 8.86 ചതുരശ്ര കിലോമീറ്റർ ഭൂപ്രദേശം മിതമായ ഉരുൾപൊട്ടൽ സാധ്യതയുള്ള മേഖലയും 2.10 ചതുരശ്ര കിലോമീറ്റർ ഉയർന്ന മണ്ണിടിച്ചിലിന് സാധ്യതയുള്ള മേഖലയുമാണ്. എന്നാൽ ഓഡിറ്റ് വർഷം മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ ഉൾക്കൊണ്ടു പ്രാദേശിക കർമ്മ പദ്ധതി തയ്യാറാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (15/08.11.2024) മറുപടിയിൽ വാർഷിക പദ്ധതി 2023-24 രൂപീകരണത്തിന്റെ ഭാഗമായി കണിച്ചാർ ഗ്രാമപഞ്ചായത്തിൽ ദുരന്ത നിവാരണ പദ്ധതി പരിഷ്കരിക്കുന്നതിനായി ഏകദിന സെമിനാർ 28/12/2022 ന് ചേരുകയുണ്ടായെന്നും ആയതിന്റെ അടിസ്ഥാനത്തിലും 27/02/2023 ലെ വികസന സ്റ്റാന്റിംഗ് കമ്മറ്റി യോഗ ശുപാർശയുടെ അടിസ്ഥാനത്തിലും 27/02/2023 ന് ചേർന്ന ഭരണ സമിതിയോഗം ദുരന്ത മാനേജ്മെന്റ് പ്ലാൻ അംഗീകരിച്ചിട്ടുണ്ട് എന്നും ടി സെമിനാറിൽ കണിച്ചാർ ഗ്രാമപഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും കാലാവസ്ഥയും ചർച്ച ചെയ്തിട്ടുള്ളതാണെന്നും കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സഹായത്തോടെ 'മഴമാപിനി' ഏലപ്പീടിക എന്ന പ്രദേശത്ത് സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നുണ്ട് എന്നും ഐ.ഐ.ടി റൂർഖിയുടെ സഹായത്തോടെ 'Early Warning System' സ്ഥാപിക്കുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ് ഉള്ളതെന്നും പഞ്ചായത്തിലെ ജനങ്ങളുടെ ദുരന്ത സാമൂഹിക സാമ്പത്തിക പ്രതിരോധ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള അന്താരാഷ്ട്ര പ്രോജക്റ്റായ 'ലിവിംഗ് ലാബ്' ഇന്ത്യയിൽ ആദ്യമായി നടപ്പിലാക്കുന്നത് കണിച്ചാർ പഞ്ചായത്തിലാണ് എന്നും ഈ പദ്ധതി നടപ്പിലാക്കുന്നതിനായി KSDMA ഒരു റെസിലൻസ് ഓഫീസറെ കണിച്ചാർ പഞ്ചായത്തിനായി അനുവദിച്ചിട്ടുണ്ട് എന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ലിവിംഗ് ലാബ് മോഡൽ ഒരു കമ്മ്യൂണിറ്റി എൻഗേജ്മെന്റ് സംവിധാനമാണ്. പ്രാദേശിക കമ്മ്യൂണിറ്റികളിൽ നിന്നുള്ള സജീവ പങ്കാളിത്തത്തിന് ഇത് ഊന്നൽ നൽകുന്നു. അപകടസാധ്യതകൾ നേരത്തെ തിരിച്ചറിയുന്നതിലും അവരുടെ പ്രത്യേക ആവശ്യങ്ങൾക്ക്

അനുയോജ്യമായ പരിഹാരങ്ങൾ വികസിപ്പിക്കുന്നതിലും ഏർപ്പെടാൻ താമസക്കാരെ പ്രാപ്തരാക്കുന്നു. ഈ ജനകേന്ദ്രീകൃത സമീപനം മണ്ണിടിച്ചിൽ, ഉരുൾ പൊട്ടൽ തുടങ്ങിയവ ഏറ്റവും കൂടുതൽ ബാധിച്ചവർക്ക് ആസൂത്രണത്തിലും നിർവഹണ പ്രക്രിയയിലും സജീവമായ പങ്കാളിത്തമുണ്ടെന്നു ഉറപ്പാക്കുന്നു. വരും വർഷങ്ങളിൽ പതിനാലാം പഞ്ചവത്സര പദ്ധതി സംബന്ധിച്ച സ.ഉ.(കൈ ) നം.84/2022/LSGD തീയതി. 19-04-2022 നമ്പർ സർക്കാർ ഉത്തരവിലെ ഖണ്ഡിക 7.3 പ്രകാരം പറയുന്ന വിധം കാലാവസ്ഥാ വ്യതിയാനം - പ്രാദേശിക കർമ്മ പദ്ധതി തയ്യാറാക്കുന്നത് ലിവിംഗ് ലാബ് മോഡൽ പഠനങ്ങളുടെ കൂടി അടിസ്ഥാനത്തിലായിരിക്കാൻ ശ്രദ്ധിക്കേണ്ടതും ഇക്കാര്യത്തിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുകയും ചെയ്യുന്നു.

## 1-25 ആസ്തി സംരക്ഷണം-കാര്യക്ഷമമാക്കേണ്ടതാണ്

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 20-01-2017 ലെ ജി.ഒ(ആർ.ടി) 166/2017/ എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം അംഗീകരിച്ച അസറ്റ് മാനേജ് മെന്റ് മാന്വലിലെ ഖണ്ഡിക 2-2 ൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും സെക്രട്ടറി കൺവീനറായും വൈസ് പ്രസിഡന്റ്, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർ പേഴ്സൺമാർ, എൽ.എസ്.ജി.ഡി. എൻജിനീയർ, അക്കൗണ്ടന്റ് തുടങ്ങിയവർ ഉൾപ്പെട്ട ഒരു അസ്സറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അസറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി ഗ്രാമപഞ്ചായത്തിൽ രൂപീകരിച്ചിട്ടുണ്ടെന്ന് തെളിയിക്കുന്ന രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ 2/15-11-2024 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് അസ്സറ്റ് മാനേജ് മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി ഗ്രാമ പഞ്ചായത്തിൽ നാളിതുവരെ രൂപീകരിച്ചിട്ടില്ലെന്നും, കമ്മിറ്റി രൂപീകരിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും സെക്രട്ടറി മറുപടി നല്കിയിട്ടുണ്ട്.

ഗ്രാമ പഞ്ചായത്തിലെ പുറമ്പോക്ക് ഭൂമി സംരക്ഷിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കണമെന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (2/15-11-2024) ഗ്രാമ പഞ്ചായത്തിലെ മുഴുവൻ ഭൂമികളും അളന്ന് ഡിജിറ്റൽ സർവ്വെ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും നാളിതുവരെയായി പഞ്ചായത്തിന്റെ പൊതുസ്ഥിതി റിപ്പോർട്ടോ, പുറമ്പോക്ക് ഭൂമിയെക്കുറിച്ചുള്ള റിപ്പോർട്ടുകളോ സർവ്വെ വകുപ്പിൽ നിന്ന് ലഭ്യമായിട്ടില്ലെന്നും ആയത് ലഭിക്കുന്ന മുറക്ക് പഞ്ചായത്തിലെ പുറമ്പോക്ക് ഭൂമി വേർതിരിച്ച് അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നതാണെന്നം മറുപടി നല്കിയിട്ടുണ്ട്.

അസറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് വിവരം അറിയിക്കേണ്ടതും ഗ്രാമ പഞ്ചായത്തിലെ പുറമ്പോക്ക് ഭൂമി സംരക്ഷിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ പുരോഗതി റിപ്പോർട്ട് ലഭ്യമാക്കേണ്ടതുമാണ്.

## 1-26 മരാമത്ത് പ്രവർത്തികൾ - നിർവഹണത്തിൽ സുതാര്യത ഉറപ്പ് വരുത്തേണ്ടതാണ്

1997 ലെ കേരള പഞ്ചായത്ത് രാജ്(പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 17(3)ൽ പഞ്ചായത്ത് നടത്തുന്ന പൊതുമരാമത്ത് പണിയുടെ സംക്ഷിപ്ത വിവരം അടങ്ങിയ ഒരു നോട്ടീസ് അതത് പണിസ്ഥലത്ത് പ്രകടമായി കാണാവുന്ന തരത്തിലും സ്ഥലത്തും പ്രദർശിപ്പിക്കേണ്ടതാണെന്നും, പ്രസ്തുത നോട്ടീസിൽ പണിയുടെ പേര്, എസ്റ്റിമേറ്റ് തുകയും കാലാവധിയും, പണി തുടങ്ങുന്ന തീയതി ചെയ്തുതീർക്കേണ്ട തീയതി, കരാറുകാരന് അനുവദിച്ച ടെൻഡർനിരക്ക് തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതാണെന്നും നിഷ്കർഷിക്കുന്നുണ്ട്. പ്രവൃത്തി പൂർത്തീകരിച്ച ശേഷം പ്രവൃത്തി നടന്ന സ്ഥലത്ത് പ്രവൃത്തിയുടെ പേര്, വർഷം ചെലവഴിച്ച തുക, ഫണ്ടിന്റെ ഇനം, തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പേര് എന്നിവ ഡിസ് പ്ലേ ബോർഡിൽ

രേഖപ്പെടുത്തി പ്രദർശിപ്പിക്കണമെന്നും ഡിസ് പ്ലേ ബോർഡുകൾക്ക് വേണ്ട തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താവുന്നതാണെന്നും സ.ഉ (കൈ) 84/2022ത.സ്വ.ഭ.വ തിയ്യതി 19.04.2022 നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിലെ 14(7) ഖണ്ഡികയിൽ പരാമർശിച്ചിട്ടുണ്ട്. എന്നാൽ പരിശോധിച്ച മരാമത്ത് പ്രവൃത്തികളുടെ ഫയലുകളിൽ മേൽ നിർദ്ദേശം പാലിച്ചതായി തെളിയിക്കുന്ന രേഖകളില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (30/12-11-2024) 2023-24 വാർഷിക പദ്ധതിയിലുൾപ്പെടുത്തി നിർവഹണം നടത്തിയ പൊതുമരാമത്ത് പ്രവൃത്തികളുടെ ഡിസ് പ്ലേ ബോർഡ് സ്ഥാപിച്ചിട്ടില്ലെന്നും 2024-25 വാർഷിക പദ്ധതിയിലുൾപ്പെട്ട ചില പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ ഡിസ് പ്ലേ ബോർഡിനുള്ള തുക ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നല്കിയിട്ടുണ്ട്. ഭാവിയിൽ 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലേയും, പദ്ധതി മാർഗ്ഗരേഖയിലേയും നിർദ്ദേശങ്ങൾ കർശനമായി പാലിച്ച് മരാമത്ത് പ്രവർത്തികളുടെ നിർവഹണത്തിൽ സുതാര്യത ഉറപ്പ് വരുത്തേണ്ടതാണ്.

## 1-27 കാർഷിക മേഖല – ഫണ്ട് വകയിരുത്തൽ കുറഞ്ഞു വരുന്നു.

സ്വതവേ കാർഷിക മേഖലയായ കണിച്ചാർ ഗ്രാമപ്പഞ്ചായത്തിൽ 2023-24 വർഷം കാർഷിക മേഖലയിലെ പ്രോജക്ടുകൾക്ക് ഫണ്ട് വകയിരുത്തുന്നതിൽ കുറവുണ്ടായതായി ചെലവ് രേഖകൾ വ്യക്തമാക്കുന്നു. കൂടാതെ, വകയിരുത്തുന്ന ഫണ്ട് യഥാസമയം ചെലവഴിക്കുന്നുമില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| 2023-24 | 607000 | 155137 |

ഭക്ഷ്യവിളകളുടെ വിളവിസ്തൃതി, ഉല്പാദനം, ഉല്പാദന ക്ഷമത എന്നിവ വർദ്ധിപ്പിക്കുവാനുള്ള പ്രോജക്ടുകൾക്ക് പ്രാധാന്യം നൽകണമെന്നും, കൂടാതെ തരിശു ഭൂമിയിൽ കൃഷി പ്രോത്സാഹിപ്പിക്കണമെന്നും പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ [സ.ഉ.(കൈ.)നം.84/2022 തസ്വഭവ., തീ.19.04.2022] സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സർക്കാർ മാർഗ്ഗനിർദ്ദേശത്തിനു വിരുദ്ധമായി, ഉല്പാദന മേഖലയിൽ പഞ്ചായത്തിന്റെ ഇടപെടൽ കുറഞ്ഞുവരുന്ന പ്രവണതയാണുള്ളത്. ഓഡിറ്റ് വർഷം 5 പദ്ധതികളാണ് നടപ്പിലാക്കുവാനായി ഡി പി സി യുടെ അംഗീകാരം നേടിയത് എന്നാൽ ഇതിൽ 3 പദ്ധതികൾ മാത്രമേ തൻ വർഷം നടപ്പിലാക്കിയുള്ളൂ. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (27/12-11-2024) മറുപടി ലഭ്യമാക്കിയിട്ടില്ല. ഭക്ഷ്യവിളകളുടെ വിളവിസ്തൃതി, ഉല്പാദനം, ഉല്പാദന ക്ഷമത എന്നിവ വർദ്ധിപ്പിക്കുവാനുള്ള പ്രോജക്ടുകൾക്ക് പ്രാധാന്യം നൽകി തരിശു ഭൂമിയിൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതടക്കമുള്ള പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുവാൻ പഞ്ചായത്തു പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുകയും ചെയ്യുന്നു.

## 1-28 മാലിന്യ ശേഖരണവും സംസ്കരണവും - ഒരു അവലോകനം

### ആമുഖം

1994-ലെ പഞ്ചായത്ത് രാജ് ആക്ട് അനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മാലിന്യ സംസ്ക്കരണത്തിനുള്ള അധികാരവും ഉത്തരവാദിത്തവും തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിനാണ്. സ.ഉ(സാധാ)നം.1496/2020/തസ്വഭവ, തീയതി 12.08.2020 പ്രകാരം ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളെക്കുറിച്ച് പ്രത്യകമായി മാർഗ്ഗനിർദ്ദേശങ്ങൾ

പുറപ്പെടുവിച്ചിട്ടുണ്ട്. മാലിന്യ സംസ്ക്കരണത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വങ്ങൾ വ്യക്തമാക്കികൊണ്ട് സ.ഉ(സാധാ) 880/2021/തസ്വഭവ, തീയതി 16.04.2021, സ.ഉ (സാധാ) 949/2021/തസ്വഭവ, തീയതി 05.05.2021 എന്നീ ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്.

ഉദ്ദേശ ലക്ഷ്യം.

മാലിന്യങ്ങളുടെ ഉൽപ്പാദനം കുറയ്ക്കുക, പുനരുപയോഗം വർദ്ധിപ്പിക്കുക, പുന:ചംക്രമണത്തിലൂടെ മറ്റ് ഉൽപ്പന്നങ്ങളാക്കി മാറ്റുക എന്നിവ നടപ്പാക്കുക വഴി സീറോ വേസ്റ്റ് (മാലിന്യം പൂർണ്ണമായി ഇല്ലാതാക്കുക) എന്ന ലക്ഷ്യം പൂർത്തീകരിക്കുക എന്നതാണ് ഈ ക്യാമ്പയിന്റെ ഉദ്ദേശ ലക്ഷ്യം. ആയതിലേക്കായി പൗരൻമാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഹരിത കർമ്മസേന, ഹരിത സഹായ സ്ഥാപനം, ക്ലീൻ കേരള കമ്പനി, ഹരിത കേരള മിഷൻ എന്നിവയുടെ ചുമതലകൾ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ജൈവമാലിന്യം ഉറവിടത്തിൽ തന്നെ പരിപാലിക്കുക, അജൈവ മാലിന്യം ശേഖരിച്ച് പുന:ചംക്രമണ വിധേയമാക്കുന്നതിനുള്ള സൗകര്യങ്ങൾ സൃഷ്ടിക്കുക എന്നിവ ആയിരിക്കണം ഓരോ പ്രദേശത്തേയും മാലിന്യ വിമുക്തമാക്കുന്നതിനായി ശുചിത്വ മാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങളുടെ സമീപനം.

ബൈലോ

കണിച്ചാർ ഗ്രാമ പഞ്ചായത്തിൽ മാലിന്യ സംസ്ക്കരണം സംബന്ധിച്ച് ബൈലോ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത ബൈലോ പഞ്ചായത്ത് ഡയറക്ടർ അംഗീകരിച്ചിട്ടുണ്ട്.

മാലിന്യ ശേഖരണ സംസ്കരണ പ്രവർത്തനങ്ങൾ

കണിച്ചാർ ഗ്രാമ പഞ്ചായത്തിൽ ആകെ 13 വാർഡുകളിലായി ആൾ താമസമുള്ള 3826 വീടുകളും 413 സ്ഥാപനങ്ങളും നിലവിലുണ്ട് ഗ്രാമ പഞ്ചായത്തിൽ ആകെ 15789 ജനങ്ങൾ വസിക്കുന്നു. മാലിന്യ സംസ്ക്കരണ മേഖലയിൽ ഹരിതകർമ്മ സേനയിൽ ആകെ 18 പേർ സേവനമനുഷ്ഠിക്കുന്നുണ്ട്. ഹരിതകർമ്മസേനാംഗങ്ങൾ നാല് ക്ലസ്റ്ററുകൾ ആയി തിരിഞ്ഞ് ആണ് പ്രവർത്തിക്കുന്നത്. മേൽ തൊഴിലാളികൾക്ക് ശരാശരി 12000 രൂപ വരെ മാസവരുമാനം ലഭിക്കുന്നുണ്ട്. ഹരിതകർമ്മസേനയിൽ പ്രവർത്തിക്കുന്ന സ്ത്രീകൾക്ക് ഇൻഷുറൻസ് പരിരക്ഷ നൽകിയിട്ടുണ്ട്. മാലിന്യ സംസ്ക്കരണ മേഖലയിൽ അടിസ്ഥാന ആവശ്യങ്ങൾക്കായി കണിച്ചാർ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ സ്വന്തമായി വാഹനം (KL 78B 8712 Maruti Suzuki Carry, 2022 Model) ഉപയോഗിച്ചുവരുന്നുണ്ട്. എന്നാൽ ഹരിതകർമ്മ സേനംഗങ്ങൾക്ക് ഡ്രൈവിംഗ് പരിശീലനം ലഭ്യമായിട്ടില്ല. ഹരിതകർമ്മ സേനാംഗങ്ങൾക്ക് യൂണിഫോം, സുരക്ഷാ ഉപകരണങ്ങൾ, അളവ് തൂക്ക ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. ഹരിതകർമ്മസേനയ്ക്ക് യൂസർഫീസ് ഇനത്തിൽ 2023-24 വർഷം 2032392 രൂപ ലഭ്യമായിട്ടുണ്ട്. യൂസർ ഫീസ് നൽകുന്നതിൽ നിലവിൽ പഞ്ചായത്തിലെ ഒരു സ്ഥാപനങ്ങളെയും ഒഴിവാക്കിയിട്ടില്ല. ഹരിതകർമ്മസേനയ്ക്ക പഞ്ചായത്ത് ബിൽഡിംഗിൽ ഓഫീസ് സൗകര്യം ഒരുക്കിയിട്ടുണ്ട്.

ജൈവ മാലിന്യം

ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്ക്കരിക്കുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

അജൈവ മാലിന്യം

ഗാർഹിക, വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മാർക്കറ്റുകളിലും ഹോട്ടലുകളിലും ഉണ്ടാകുന്ന അജൈവമാലിന്യങ്ങൾ ഹരിതകർമ്മ സേന ശേഖരിച്ച് ക്ലീൻ കേരള കമ്പനിക്ക് കൈമാറുന്നുണ്ട്. മാലിന്യമുക്ത കേരളം, നവകേരളം, സ്വച്ഛതാ ഹി സേവ എന്നീ പരിപാടികളുടെ ഭാഗമായി പഞ്ചായത്തിലെ 13 വാർഡുകളിലും തോടുകൾ,

പാതയോരങ്ങൾ, പൊതു ഇടങ്ങൾ എന്നിവിടങ്ങളിൽ നിന്ന് മാലിന്യം ശേഖരിച്ച് ക്ലീൻ കേരള കമ്പനിക്ക് കൈമാറിയിട്ടുണ്ട്. ക്ലീൻ കേരള കമ്പനി ലഭ്യമാക്കിയ കലണ്ടർ പ്രകാരം മാലിന്യം ശേഖരിക്കുന്നുണ്ട് ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ജനുവരി | ഇ വേസ്റ്റ്, |
| ഫെബ്രവരി | തുണിമാലിന്യം |
| മാർച്ച് | ആപത്കരമായ മാലിന്യം, |
| ഏപ്രിൽ | **ചെരുപ്പ്, ബാഗ്, തെർമ്മോക്കോള്, കാർപ്പെറ്റ്, ഉപയോഗശൂന്യമായ മെത്ത, തലയണ, പായ** |
| മെയ്യ് | കുപ്പി,ചില്ലു മാലിന്യം |
| ജൂൺ | ഉപയോഗശൂന്യമായ വാഹന ടയർ |
| ജൂലൈ | ഇ വേസ്റ്റ്, |
| ആഗസ്റ്റ് | പോളി എത്തിലീൻ,പ്രിഗ് ഷീറ്റ്, സ്ക്രാപ്പ് ഇനങ്ങൾ |
| സപ്റ്റംബർ | മരുന്ന് സ്ട്രിപ്പ് |
| ഒക്ടോബർ | ആപൽക്കരമായ ഇ-മാലിന്യങ്ങൾ പിക്ച്ചർ ട്യൂബ്, ബൾബ് ട്യൂബ്, കണ്ണാടി |
| നവംബർ | ചെരുപ്പ്, ബാഗ്, തെർമ്മോക്കോൾ, തുകൽ, കാർപ്പെറ്റ്, അപ്ഹോഴ്സറിവെസ്റ്റ്, മെത്ത, തലയണ, പ്ലാസ്റ്റിക്ക് പായ |
| ഡിസംബർ | കുപ്പി ചില്ലുമാലിന്യങ്ങൾ |

എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും അജൈവ മാലിന്യം സംസ്കരിക്കുന്നതിന് ഉറവിട മാലിന്യ സംസ്കരണ രീതിയാണ് പിന്തുടരുന്നത്. (100 ശതമാനം). പാതയോരങ്ങൾ, പൊതു ഇടങ്ങൾ, ജലസ്രോതസ്സുകൾ എന്നിവിടങ്ങളിൽ നിന്നും ശേഖരിക്കുന്ന ലെഗസി മാലിന്യങ്ങൾ ക്ലീൻ കേരള ഏജൻസിക്ക് കൈമാറുകയാണ് ചെയ്യുന്നത്.

2023-24 വർഷം ലെഗസി വേസ്റ്റ് ഇനത്തിൽ 38610 കിലോഗ്രാം ലെഗസി റിസൈക്കിൾ ചെയ്യുന്നതിനായി ക്ലീൻ കേരള മിഷന് കൈമാറിയിട്ടുണ്ട്. ക്ലീൻ കേരള കമ്പനി കഴിഞ്ഞ ആറ് മാസത്തിനിടെ 18 ലോഡ് തരംതിരിച്ച മാലിന്യങ്ങളും രണ്ട് ലോഡ് തുണിയും രണ്ട് ലോഡ് ചെരുപ്പ്, ബാഗ് തുകൽ മാലിന്യങ്ങൾ എന്നിവ അടങ്ങിയ ലെഗസിയും നീക്കം ചെയ്തിട്ടുണ്ട്.

എം സി എഫ്

കണിച്ചാർ ഗ്രാമ പഞ്ചായത്തിൽ 13 വാർഡുകളിലായി 26 മിനി എം സി എഫുകൾ നിലവിലുണ്ട്. പല വാർഡുകളിലും റോഡ് സൗകര്യമുള്ള സ്ഥലങ്ങളിലാണ് ഇത് പ്രവർത്തിച്ചു വരുന്നത്. നിലവിൽ പഞ്ചായത്തിന് എം സി എഫ് കെട്ടിടം ഇല്ല. എം സി എഫ് കെട്ടിടം പണിയുന്നതിനായി പഞ്ചായത്തിൽ രണ്ടാം വാർഡിൽ കാളികയം എന്ന സ്ഥലത്ത് സ്ഥലം കണ്ടെത്തിയിട്ടുണ്ട്. നിലവിലുള്ള മിനി എം സിഎഫുകളിൽ മൂന്ന് മാസം

വരെ അജൈവ മാലിന്യങ്ങൾ സംഭരിക്കാനുള്ള ശേഷിയുണ്ട്. വാതിൽപ്പടി ശേഖരണത്തിന്റെ സമയത്ത് തന്നെ ഹരിതകർമ്മസേന മാലിന്യങ്ങൾ തരം തിരിക്കുന്നുണ്ട്. നിലവിൽ വാർഡുകളിൽ നിന്ന് ശേഖരിക്കുന്ന മാലിന്യം 100% ക്രമീകരിച്ച് വേർതിരിച്ച് മിനി എം സി എഫുകളിൽ എത്തിക്കുന്നു. മിനി എം സി എഫുകളിൽ നിന്ന് കൃത്യമായ ഇടവേളകളിൽ ക്ലീൻ കേരള കമ്പനി മാലിന്യം നീക്കം ചെയ്യുന്നുണ്ട്.

പൊതു ഇടങ്ങളിൽ മാലിന്യം തള്ളുന്നവർക്കെതിരെ പഞ്ചായത്ത് കർശന നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. നിരോധിത പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ ഉപയോഗം, നിരത്തുകളിലെ മാലിന്യം തള്ളൽ എന്നിവയുമായി ബന്ധപ്പെട്ട് കണിച്ചാർ ഗ്രാമ പഞ്ചായത്തിൽ 27 പരിശോധനകൾ നടത്തുകയും 17 പരാതികൾ ലഭിക്കുകയും ചെയ്തു. 2023 ഏപ്രിൽ മാസം മുതൽ 2024 ആഗസ്റ്റ് മാസം വരെ 83500 രൂപ ഈയിനത്തിൽ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

<u>ബോധവൽക്കരണം</u>

ജൂലൈ മാസം സമ്പൂർണ്ണ ശുചിത്വ മാലിന്യ പ്രവർത്തനങ്ങൾ എന്ന അജണ്ടയിൽ ഗ്രാമസഭയിൽ ജനങ്ങൾക്ക് ബോധവൽക്കരണം നടത്തി. 2023 ഏപ്രിൽ മാസം വലിച്ചെറിയൽ മുക്ത നവകേരളം മഴക്കാലപൂർവ്വ ശുചീകരണം, ഹരിത പ്രോട്ടോക്കോൾ, ഹരിതകർമ്മസേന പ്രവർത്തനം എന്ന അജണ്ടയിൽ ശുചിത്വ ഗ്രാമസഭകൾ 15 വാർഡിലും ചേർന്നു. 2023 ജൂലൈ മാസം മാലിന്യ മുക്തം നവകേരളം എന്ന ക്യാമ്പയിന്റെ ഭാഗമായി സോഷ്യൽ ഓഡിറ്റ് നടത്തി. 2023 ഒക്ടോബർ 2 സ്വച്ഛതാ ഹി സേവ ക്യാമ്പയിന്റെ ഭാഗമായി ഓരോ വാർഡിലും 100 ആൾക്കാരിലധികം പങ്കെടുത്ത ശുചിത്വ പ്രവർത്തനങ്ങൾ നടത്തി. 2023 ഏപ്രിൽ മാസം ജനകീയ ഹരിത ഓഡിറ്റ് അവതരണവും ചർച്ചയും നടത്തിയിട്ടുണ്ട്.

വാർഡുകളിലെ ഹരിതകർമ്മ സേനാംഗങ്ങളുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനായി ഏകദേശം 8 ഓളം ബോധവൽകരണ ക്ലാസ്സുകൾ നടത്തിയിട്ടുണ്ട്. മാലിന്യ സംസ്കരണ രീതികളെ കറിച്ച് ഹരിത കർമ്മ സേനാംഗങ്ങൾക്ക് 2022-23, 2023-24 വർഷങ്ങളിൽ ബ്ലോക്ക് തലത്തിൽ പരിശീലനങ്ങൾ നൽകിയിട്ടുണ്ട്. ഹരിതകർമ്മ സേനാംഗങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്താൻ എല്ലാ മാസവും അവസാനം നോഡൽ ഓഫീസറുടെ നേതൃത്വത്തിൽ യോഗം ചേരുകയും ഹരിത കർമ്മ സേനയുടെ പ്രവർത്തനം വിശദമായി വിലയിരുത്തി വേണ്ട നിർദ്ദേശങ്ങളും നൽകുന്നുമുണ്ട്. പഞ്ചായത്തിൽ നിയമിച്ചിട്ടുള്ള ഹെൽത്ത് ഇൻസ്പെക്ടറുടെ സേവനം ഹരിത കർമ്മ സേനയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നല്ലരീതിയിൽ വിനിയോഗിക്കുന്നുണ്ട്. ജനങ്ങളെ ബോധവൽകരിക്കുന്നതിനായി സ്കൂൾ വിദ്യാർത്ഥികളെ ഉൾപ്പെടുത്തി ഫ്ലാഷ്മോബ്, ക്ലാസ് എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്. ശുചിത്വ റാലിയും ശുചിത്വ സന്ദേശ ബോർഡുകളും സ്ഥാപിച്ചിട്ടുണ്ട്.

<u>സംഗ്രഹം</u>

നിലവിൽ ഗ്രാമപഞ്ചായത്തിന് സ്വന്തമായി എം സി എഫ് കെട്ടിടം ഇല്ലാത്തതും ഹരിതകർമ്മസേനയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട വിഷയത്തിൽ സാമൂഹിക മാധ്യമങ്ങൾ വഴിയുള്ള വ്യാജ പ്രചാരണവും ക്യാമ്പയനിങ്ങും ഹരിതകർമ്മസേനയുടെ പ്രവർത്തനത്തെ ബാധിക്കുന്നുണ്ട്. ആയത് പരിഹരിക്കേണ്ടതുണ്ട്. കണിച്ചാർ ഗ്രാമ പഞ്ചായത്തിലെ മാലിന്യസംസ്ക്കരണ പ്രവർത്തനങ്ങൾ ഹരിതകർമ്മസേനയിലൂടെ ഒരു പരിധി വരെ നന്നായി പ്രവർത്തിക്കുന്നുണ്ട്. മാലിന്യ സംസ്ക്കരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഗ്രാമ പഞ്ചായത്തിലെ 13 വാർഡുകളിലെയും, സ്ഥാപനങ്ങളിലെയും, വീടുകളിലെയും പരമാവധി ആൾക്കാരെ പങ്കെടുപ്പിച്ചു കൊണ്ടുള്ള വാർഡ്തല ബോധവത്ക്കരണ ക്ലാസ്സുകൾ കൂടി സംഘടിപ്പിച്ച് പൊതുജനങ്ങളുടെ

പങ്കാളിത്തത്തിലൂടെ ഭാവി പരിപാടികൾ ആസൂത്രണം ചെയ്ത് ഗ്രാമ പഞ്ചായത്തിനെ മാലിന്യ മുക്തമാക്കാൻ പരിശ്രമിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2023-24 | 04-11-2024, 05-11--2024 | കെ.എസ്.എ/കെ.എൻ.ആർ/സി.4/1740/2024 തീയതി: 17.12.2024 |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതംനൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര്/ നമ്പർ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 504612 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (2/24) | 504612 | 0 |
| | 2023-24 | 50000 | സമഗ്ര നെൽകൃഷി വികസനം സംയുക്ത പദ്ധതി ( 46/24) | 50000 | 0 |
| | 2023-24 | 200000 | ശാരീരിക മാനസിക വെല്ലുവിളികൾ | 200000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്( 99/24) | | |
| ആകെ | | 754612 | | 754612 | 0 |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 2023-24 | 199721 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (പ്രൊജക്ട് നം- 2/24) | 199721 | 0 |
| | 2023-24 | 50000 | സമഗ്ര നെൽകൃഷി വികസനം സംയുക്ത പദ്ധതി ( 46/24) | 50000 | 0 |
| | 2023-24 | 70000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്( 99/24) | 70000 | 0 |
| | 2023-24 | 114114 | വയോജന വിശ്രമകേന്ദ്രങ്ങൾക്ക് അടിസ്ഥാന സൌകര്യം ഒരുക്കൽ (127/24) | 114114 | |
| | 2023-24 | 271122 | ഏലപ്പീടിക ടൂറിസം പദ്ധതി (140/22) | 271122 | 0 |
| ആകെ | | 704957 | | 704957 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ തീയതി. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഭൂജല വകുപ്പ് | ഏലപ്പീടിക പി.എച്ച്.സി സബ്ബ്സെന്റർ കുഴൽകിണർ നിർമാണം (115/24,) | 58/ 14-08-2023 | ₹7226 | ₹7226 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

വായ്പയിനത്തിൽ ലഭിച്ച തുകയുടെയും വായ്പ ഇനത്തിൽ തിരിച്ചടച്ച തുകയുടേയും വിവരങ്ങൾ രേഖപ്പെടുത്തിയ ലോൺ രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. വായ്പയിനത്തിൽ ലഭിച്ച തുകയുടെയും വായ്പ തിരിച്ചടച്ചതിന്റെയും കൃത്യമായ വിവരം ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ വായ്പ/വായ്പ തിരിച്ചടവ് സംബന്ധിച്ച വിവരം ഉൾപ്പെടുത്താനായിട്ടില്ല. കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തി ലോൺ രജിസ്റ്റർ തയ്യാറാക്കി പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 -ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | പരാമർശ വിഷയം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 1999-00 | 19 | 2003-04 | 3.13.17 | സമഗ്ര നാളികേര വികസന പദ്ധതി-പമ്പ് സെറ്റ് വിതരണം അനർഹർക്ക് ആനുകൂല്യം നൽകി | പരാമർശം നിലനിൽക്കുന്നു |
| 2002-03 | 3-1 | 2006-07 | 3.99.1 | റോഡ് പ്രവൃത്തിക്ക് ടാർ വാങ്ങൽ തുക ദുരുപയോഗം ചെയ്തു | പരാമർശം നിലനിൽക്കുന്നു |
| ലഘു അവലോകനം | | 2012-13 | 2-7 | തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ദുരിതാശ്വാസ നിധി | പരാമർശം നിലനിൽക്കുന്നു |
| ലഘു അവലോകനം | | 2012-13 | 2-8 | തുടർ വിദ്യാഭ്യാസ പരിപാടി | പരാമർശം നിലനിൽക്കുന്നു |
| പ്രവർത്തന | | 2012-13 | 3.4.5.2 | ലേബർ | പരാമർശം |

| | | | | | |
|---|---|---|---|---|---|
| ക്ഷമതാ റിപ്പോർട്ട് | | | | ബഡ്ജറ്റും കാർഷിക കർമ്മ പരിപാടി | നിലനിൽക്കുന്നു |
| പ്രവർത്തന ക്ഷമതാ റിപ്പോർട്ട് | | 2012-13 | 3.4.3 | ഗ്രാമസഭകളുടെ പ്രവർത്തനം | പരാമർശം നിലനിൽക്കുന്നു |
| | | 2012-13 | 3.4.5.13 അനുബന്ധം-9.13 | ജാഗ്രതാ മേൽനോട്ട സമിതികൾ | പരാമർശം നിലനിൽക്കുന്നു |
| - | - | 2014-15 | 4.3.2.12 | ഒരേ വ്യക്തി ഒന്നിലധികം പെൻഷൻ വാങ്ങുന്നു | പരാമർശം നിലനിൽക്കുന്നു |
| 2014-15 | 2-2 | 2016-17 | ഖ.1 അനുബന്ധം-3 | വസ്തുനികുതി | പരാമർശം നിലനിൽക്കുന്നു |
| 2015-16 | 2-8 | 2016-17 | ഖ.2 അനുബന്ധം-5 | തൊഴിൽ നികുതി | പരാമർശം നിലനിൽക്കുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 49821488 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 45787420 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 1,110 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 294057 |

(ബി). **പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-17 | ഇല്ല | 1,110 | ഡോ. ആശിഷ്. കെ.പി, മെഡിക്കൽ |

| | | | |
|---|---|---|---|
| | | | ഓഫീസർ, പി.എച്ച്.സി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|
| 1-15 | 61,121 | ഡോ. ആശിഷ്. കെ.പി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 1-16 | 6,984 | ഡോ. ആശിഷ്. കെ.പി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 1-18 | 72,139 | ഡോ. മനോജ്. ഇ.പി, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 1-19 | 30,137 | ശ്രീ. ബെൻജി ഡാനിയേൽ, കൃഷി ഓഫീസർ |
| 1-20 | 1,00,000 | ശ്രീ. ബെൻജി ഡാനിയേൽ, കൃഷി ഓഫീസർ |
| 1-21 | 23,676 | ശ്രീമതി. ആശ എം.പി, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| ആകെ | 294057 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

**1-12**

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. ആശിഷ്. കെ.പി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | സിവിൽ സർജൻ, താലൂക്ക് ആശുപത്രി, തളിപ്പറമ്പ് | പയ്യാടി പറമ്പത്ത് ഹൌസ്,കാക്കൂർ, കോഴിക്കോട്-673613 |

| | | |
|---|---|---|
| ഡോ. മനോജ്. ഇ.പി, മെഡിക്കൽ ഓഫീസർ, ഹോമിയോ | മെഡിക്കൽ ഓഫീസർ, ഹോമിയോ, ജി.എച്ച്.ഡി ,കണിച്ചാർ ഗ്രാമപഞ്ചായത്ത് | എക്കരപറമ്പത്ത്, കോളയാട് പി.ഒ കണ്ണൂർ ജില്ല |
| ശ്രീ. ബെൻജി ഡാനിയേൽ, കൃഷി ഓഫീസർ | കൃഷി ഓഫീസർ, കണിച്ചാർ ഗ്രാമപഞ്ചായത്ത് | ബിജോയ് വില്ല, കല്ലിമ്മേൽ(പി.ഒ), മാവേലിക്കര-690509 |
| ശ്രീമതി. ആശ എം.പി ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എ,സ് സൂപ്പർവൈസർ പേരാവൂർ ഗ്രാമപഞ്ചായത്ത് | മഠത്തിനാമറ്റത്തിൽ, കണ്ണവം, പി.ഒ.കണ്ണവം, കണ്ണൂർ ജില്ല |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ/ കെ.എൻ.ആർ/സി.11/ 1403/2022 തീയതി 11.10.2022 | 1 |
| 1999-00 (പദ്ധതി ചെലവ്) | കെ.എസ്.എ/ കെ.എൻ.ആർ/സി.11/ 1403/2022 തീയതി 11.10.2022 | 2 |
| 2000-01 (പദ്ധതി ചെലവ്) | കെ.എസ്.എ/ കെ.എൻ.ആർ/സി.11/ 1403/2022 തീയതി 11.10.2022 | 1 |
| 2002-03 | കെ.എസ്.എ/ കെ.എൻ.ആർ/സി.11/ 1403/2022 തീയതി 11.10.2022 | 1 |
| 2004-05 | കെ.എസ്.എ/ കെ.എൻ.ആർ/സി.11/ 1403/2022 തീയതി 11.10.2022 | 2 |
| 2005-06 | കെ.എസ്.എ/ കെ.എൻ.ആർ/സി.11/ 1403/2022 തീയതി 11.10.2022 | 1 |

| | | | |
|---|---|---|---|
| 2006-07 | കെ.എസ്.എ/<br>കെ.എൻ.ആർ/സി.11/<br>1403/2022<br>തീയതി 11.10.2022 | 1 | |
| 2008-09 | കെ.എസ്.എ/<br>കെ.എൻ.ആർ/സി.11/<br>1403/2022<br>തീയതി 11.10.2022 | 1 | |
| 2009-10,<br>2010-11 | കെ.എസ്.എ/<br>കെ.എൻ.ആർ/സി.11/<br>1403/2022<br>തീയതി 11.10.2022 | 12 | |
| 2015-16 | കെ.എസ്.എ/<br>കെ.എൻ.ആർ/സി.11/<br>1403/2022<br>തീയതി 11.10.2022 | 3 | |
| 2016-17 | കെ.എസ്.എ/<br>കെ.എൻ.ആർ/സി.11/<br>1403/2022<br>തീയതി 11.10.2022 | 3 | |
| 2017-18 | കെ.എസ്.എ/<br>കെ.എൻ.ആർ/സി.11/<br>1403/2022<br>തീയതി 11.10.2022 | 3 | |
| 2018-19 | കെ.എസ്.എ/<br>കെ.എൻ.ആർ/സി.11/<br>1403/2022<br>തീയതി 11.10.2022 | 1 | |
| 2019-20 | കെ.എസ്.എ/<br>കെ.എൻ.ആർ/സി.11/<br>655/2022<br>തീയതി 01.06.2022 | 23 | |
| 2020-21 | കെ.എസ്.എ/<br>കെ.എൻ.ആർ/സി.11/<br>656/2022<br>തീയതി 01.06.2022 | 22 | |
| 2021-22 | കെ.എസ്.എ/<br>കെ.എൻ.ആർ/സി.11/<br>1691/2022<br>തീയതി 28.02.2023 | 26 | |
| 2022-23 | കെ.എസ്.എ/<br>കെ.എൻ.ആർ/സി.11/<br>110/2024<br>തീയതി 09.02.2024 | 16 | |

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# Annexure-1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 74/2024 dated 74/2024 dated 30-05-2024 and submitted on 05-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Kanichar Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/ guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Kanichar Grama Panchayat as on 31-03-2024

**Date: 17/12/2024** **Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Kanichar Grama Panchayat for the Year 2023-2024.

### 1.Major Observations

Nil

### 2.Other Observations

1) Cash Flow statement -Net increase/decrease in cash flow does not match with difference between opening balance and closing balance of cash and cash equivalents.

2) The following mandatory Financial Statements such as B1 schedule, Ratios, comparitive amounts for the preceding year prescribed in 2011 Kerala Panchayat Raj Accounting rules are not submitted for audit

3) CFC Grant Amount shown as liability in Balance sheet does not match with Bank account opened for specified grant account

4) Lapses in making timely and accurate demand entries in respect of tax and non tax revenue.

5) Asset Register not updated.

6) Tenderform register is not maintained

7) Amount used for asset creation using specific grant account not trasferred to capital contribution and treated as revenue income.

8) Appropriation control register maintained is not reliable for Audit

9) The amount shown as Capital work in progress in schedule B-11(b) shows the same balance shown in the previous year.

10) Discrepancies in calculating the Gross surplus/deficit of Income Over Expenditure in Income and Expenditure statement

11) Due to non maintenance of loan register the accuracy of loan amount (OB,Receipt,CB) could not be verified with the Annual Financial Statement

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ കണിച്ചാർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 3-1
# RECEIPT & PAYMENT STATEMENT

| | | | |
|---|---|---|---|
| | **Kanichar Grama Panchayat<br>RECEIPT & PAYMENT STATEMENT** | | |
| | For the period from 01-April-2023 to 31-March-2024 | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 18824379.00 |
| Cash | Cash | RP-40(a) | 103624.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 1082895.00 |
| 140000000 | Fees & User Charges | RP-4 | 3136563.00 |
| 150000000 | Sale & Hire Charges | RP-5 | 75692.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 7156800.00 |
| 171000000 | Interest Earned | RP-9 | 222770.00 |
| 190000000 | Prior Period Income | RP-11 | 3159.00 |
| 220000000 | Administrative Expenses | RP-13 | 16800.00 |
| 230000000 | Operations & Maintenance | RP-14 | 23315.00 |
| 290000000 | Transfer to Reserve Funds / Prior Period Item(ILGMS) | RP-25 | 2.00 |
| 311000000 | Earmarked Funds | RP-28 | 18697.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 24289085.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 4753906.00 |
| 460000000 | Loans, Advances and Deposits | RP-49 | 174975.00 |

| | | | |
|---|---|---|---|
| | **Non Operating** | | |
| 180000000 | Other Income | RP-10 | 0.0 |
| 330000000 | Secured Loans | RP-31 | 7838888.00 |
| 340000000 | Deposits Received | RP-33 | 503828.00 |
| 350000000 | Other Liabilities | RP-35 | 524113.00 |
| | **Grand total** | | **68749491.00** |
| | **PAYMENTS** | | |
| | **Operating** | | |
| 311000000 | Earmarked Funds | RP-28 | 50.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 76158.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 1607218.00 |
| 460000000 | Loans, Advances and Deposits | RP-49 | 515850.00 |
| | **Non Operating** | | |
| 340000000 | Deposits Received | RP-33 | 155971.00 |
| 350000000 | Other Liabilities | RP-35 | 43432173.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 22892591.00 |
| Cash | Cash | RP-40(b) | 69480.00 |
| | **Grand Total** | | **68749491.00** |

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം 3-2

## INCOME & EXPENDITURE STATEMENT

| | | | |
|---|---|---|---|
| | **Kanichar Grama Panchayat**<br>**INCOME & EXPENDITURE STATEMENT** | | |
| | For the period from 01-April-2023 to 31-March-2024 | | |
| Code.No | Description of Items | Schedule No | Amount |
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 4473862.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 147900.00 |
| 140000000 | Fee & User Charges | I-4 | 3281906.00 |

| | | | |
|---|---|---|---|
| 150000000 | Sale & Hire Charges | I-5 | 79624.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 112416069.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 222770.00 |
| 180000000 | Other Income | I-9 | 0.0 |
| | **Total Income** | | **120622131.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10 | 12096196.00 |
| 220000000 | Administrative Expenses | I-11 | 1535409.00 |
| 230000000 | Operations & Maintenance | I-12 | 672880.00 |
| 240000000 | Interest & Finance Charges | I-13 | 317.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 2491333.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 34359650.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 3288571.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 38398820.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 23644800.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 1699961.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 12796699.00 |
| | **Total Expenditure** | | **130984636.00** |
| | **Gross surplus/deficit of income over expenditure** | | **-10362505.00** |
| 190000000 | Prior period Income | I-19 | 334165 |
| 290000000 | Prior period expenses | I-18 | 25004.00 |
| | Net difference | | 309161 |
| | **Gross surplus/deficit of income over expenditure after prior period items (to be carried over to balance sheet)** | | **-10053344** |

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# അനുബന്ധം 3-3
# BALANCE SHEET

| | | | |
|---|---|---|---|
| | **Kanichar Grama Panchayat**<br>**BALANCE SHEET** | | |
| | As on 31-March-2024 | | |
| Code.No | Description of Items | Schedule No | Amount |
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | -10922986.00 |

| | | | |
|---|---|---|---|
| 311000000 | Earmarked Funds - Special Funds/Sinking Fund/ Trust or Agency Fund | B-2 | 228557.00 |
| 312000000 | Reserves | B-3 | 72939437.00 |
| | **Total Reserve & Surplus** | | **62245008.00** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 21449436.00 |
| | **Total Grants, Contributions for Specific Purposes** | | **21449436.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 11203459.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | **Total Loans** | | **11203459.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 895259.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 3110060.00 |
| 360000000 | Provisions | B-10 | 0.0 |
| | **Total Current Liabilities and Provisions** | | **4005319.00** |
| | **TOTAL LIABILITIES** | | **98903222.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 1371088.00 |
| 412000000 | Capital Work in Progress | B-11(b) | 2266239.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 116079.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 14167696.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 110160705.00 |
| 416000000 | Accumulated Depreciation | B-11(a) | -57978214.00 |
| | **Total Fixed Assets** | | **70103593.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 0.0 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | **Total Investments** | | **0.0** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 640533.00 |
| 431000000 | Sundry Debtors (Receivables) | B-15 | 1739461.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 22962071.00 |
| 460000000 | Loans, Advances and Deposits | B-18 | 3457564.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | **Total Current Assets, Loans and Advances** | | **28799629.00** |

| | | | |
|---|---|---|---|
| | **Other Assets** | | |
| 470000000 | Other Assets | B-19 | 0.0 |
| | **Total Other Assets** | | **0.0** |
| | **Miscellaneous Expenditure (To the Extent not written off)** | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | **Total Miscellaneous Expenditure (To the Extent not written off)** | | **0.0** |
| | **TOTAL ASSETS** | | **98903222.00** |

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.